പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

IT

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.631.

28/7/2010-ൽ മറുപടിക്ക്

## കുടുംബശ്രീ അയൽക്കൂട്ടങ്ങൾ നടത്തിയ സംഘകൃഷി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.വി.കുഞ്ഞിരാമൻ;<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി;<br>ശ്രീ.അൽഫോൺസ് കണ്ണന്താനം;<br>ശ്രീ.കെ.സി.രാജഗോപാലൻ. | | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പ്<br>മന്ത്രി |
| (എ) | പഞ്ചായത്തുകളിലെ കൃഷിയോഗ്യമായ തരിശ് ഭൂമികളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | സംസ്ഥാന ആസൂത്രണ ബോർഡ് പുറത്തിറക്കിയ സാമ്പത്തിക സർവ്വേ 2009 ലെ കണക്കുകളനുസരിച്ച് കേരളത്തിൽ, 2008-09 വർഷത്തിൽ 91830 ഹെക്ടർ കൃഷി യോഗ്യമായ തരിശു ഭൂമിയും 44939 ഹെക്ടർ മറ്റു തരിശു ഭൂമിയും ഉണ്ട്. |
| (ബി) | കഴിഞ്ഞ വർഷം കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ എത്ര ഏക്കർ തരിശ് ഭൂമിയിൽ സംഘകൃഷി നടത്തിയെന്ന് വെളിപ്പെടുത്തുമോ; | (ബി) | കഴിഞ്ഞ വർഷം കുടുംബശ്രീ അയൽക്കൂട്ടങ്ങൾ 17714 ഏക്കർ തരിശുഭൂമി ഉൾപ്പെടെ 62655 ഏക്കറിൽ സംഘകൃഷി ചെയ്തിട്ടുണ്ട്. |
| (സി) | ഈ വർഷത്തെ ലക്ഷ്യം എത്രയാണ്; ഇതിനായി പഞ്ചായത്തുകളിൽ നിന്നും എന്തെല്ലാം സഹായമാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | ഈ വർഷത്തെ ലക്ഷ്യം 10000 ഏക്കർ തരിശ് ഉൾപ്പെടെ 75000 ഏക്കർ ഭൂമിയിൽ സംഘകൃഷി ചെയ്യുക എന്നതാണ്.<br>സംഘകൃഷിക്ക് പഞ്ചായത്തുകളിൽ നിന്നും ചുവടെ പറയുന്ന സഹായങ്ങൾ നൽകിവരുന്നു.<br>1. ജൈവവളവും സാധാരണവളവും ഉൾപ്പെടെയുള്ള വളങ്ങൾക്ക് 50% വരെ സബ്സിഡി.<br>2. ജൈവകീടനാശിനികൾ ഉൾപ്പെടെയുള്ള കീടനാശിനികൾക്ക് 50% സബ്സിഡി.<br>3. പച്ചക്കറി വിത്തുകൾക്കും തൈകൾക്കും നെൽവിത്തുകൾക്കും 100% സബ്സിഡി.<br>4. പമ്പ്സെറ്റ്, സ്പ്രേയറുകൾ മറ്റു കാർഷിക ഉപകരണങ്ങൾ എന്നിവയ്ക്ക് 50% സബ്സിഡി.<br>5. ട്രാക്ടറുകൾ ട്രില്ലറുകൾ മറ്റുകാർഷിക യന്ത്രങ്ങൾ എന്നിവയ്ക്ക് 100% സബ്സിഡി. |

| | | | |
|---|---|---|---|
| | | | 6. ജലസേചന കിണർ - ബിപിഎൽ, നാമമാത്ര കർഷകർക്കായി 100% വും എപിഎൽ കർഷകർക്ക് 50% വും സബ്സിഡി അനുവദിക്കുന്നു. ഇതിനു പുറമെ കൃഷിചെലവിനായി 2500 രൂപ വീതം ഹെക്ടർ ഒന്നിന് സബ്സിഡിയായി നൽകുന്നു. ഒറ്റത്തവണ ഭൂവികസനത്തിനുള്ള സഹായം NREGS ൽ നിന്നും നൽകുന്നു. |
| (ഡി) | സംഘകൃഷിയിൽ നഷ്ടമുണ്ടായ അയൽകൂട്ടങ്ങൾക്ക് പ്രത്യേക സഹായം നൽകുമോ; | (ഡി) | ഇല്ല. എന്നാൽ സംഘകൃഷിയിൽ നഷ്ടമുണ്ടാകുന്ന അയൽക്കൂട്ടങ്ങൾക്ക് കൃഷി ഭവനിലൂടെയും ബാങ്കിലൂടെയും വിള ഇൻഷ്വറൻസ് വഴി പ്രത്യേക സഹായം നേടാവുന്നതാണ്. |
| (ഇ) | എത്ര പഞ്ചായത്തുകൾ തരിശുരഹിത പഞ്ചായത്തുകളായി പ്രഖ്യാപിച്ചിട്ടുണ്ട്; | (ഇ) | പന്ത്രണ്ട് പഞ്ചായത്തുകളാണ് തരിശു രഹിത പഞ്ചായത്തുകളായി പ്രഖ്യാപിച്ചിട്ടുള്ളത്. ആയവയുടെ വിവരം ചുവടെ ചേർക്കുന്നു.<br>മണ്ണഞ്ചേരി, പാലമേൽ - (ആലപ്പുഴ ജില്ല.)<br>പാമ്പാക്കുട- (എറണാകുളം ജില്ല.)<br>മടിക്കൈ, വലിയപറമ്പ - (കാസർഗോഡ് ജില്ല.)<br>അടാട്ട് - (തൃശൂർജില്ല)<br>അകത്തേത്തറ - (പാലക്കാട് ജില്ല)<br>മീനങ്ങാടി - (വയനാട് ജില്ല)<br>ആര്യനാട് - (തിരുവനന്തപുരം ജില്ല)<br>ആദവനാട്, ഇടരിക്കോട് - (മലപ്പുറം ജില്ല)<br>കടപ്ര - (പത്തനംതിട്ട ജില്ല) |
| (എഫ്) | നെൽകൃഷിക്കൊപ്പം മറ്റു കാർഷിക വിളകൾക്കും പ്രോത്സാഹനം നൽകാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | നെൽ കൃഷിക്ക് ഒപ്പം മറ്റ് കാർഷിക വിളകൾക്കും വിസ്തൃതി ബോണസും ഉൽപ്പാദന ബോണസും ഉൾപ്പെടെയുള്ള പ്രോത്സാഹനം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 632

28.07.2010-ൽ
മറുപടിയ്ക്ക്

## "ക്ഷേത്രങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പാക്കേജ്"

ചോദ്യം
ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ.പി.സി.വിഷ്ണുനാഥ്
ശ്രീ.കെ.ശിവദാസൻ നായർ
തിരുവഞ്ചൂർ രാധാകൃഷ്ണൻ

ഉത്തരം
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹുമാനപ്പെട്ട ദേവസ്വവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
|---|---|
| (എ) ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള ഒരു പ്രത്യേക പാക്കേജിന് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; | (എ) സർക്കാർ തലത്തിൽ ഇല്ല. എന്നാൽ കൊച്ചി ദേവസ്വം ബോർഡിന്റെ കീഴിലുള്ള പ്രധാന ക്ഷേത്രങ്ങളിൽ ദേവസ്വത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ച് ഇതിനായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ചോറ്റാനിക്കര ക്ഷേത്രത്തിൽ 15 കോടി രൂപയുടെ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി ബോർഡ് അംഗീകരിച്ചിട്ടുള്ളതാണ്. തിരുവിതാംകൂറിൽ പൊതുവായുള്ള പാക്കേജ് രൂപം നൽകിയിട്ടില്ലെങ്കിലും ശബരിമല ക്ഷേത്രത്തിന്റെ വികസനത്തിനായി ബൃഹത്തായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി പ്രവർത്തനങ്ങൾ നടത്തിവരുന്നു. മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിൽ ട്രസ്റ്റി ബോർഡുകളാണ് ഇക്കാര്യം നിർവ്വഹിക്കുന്നത്. ഗുരുവായൂർ ദേവസ്വവും തനതു ഫണ്ടിൽ നിന്നും വികസന പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇതിനായി സംസ്ഥാന തലത്തിൽ ഒരു ഏകീകൃത ഉന്നതതല മോണിറ്ററിംഗ് സംവിധാനം ഉണ്ടാക്കണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ; ഇതിനായി എന്തൊക്കെ സംവിധാനങ്ങളാണ് ഇതുവരെ സ്വീകരിച്ചത്; | (ബി) | ബാധകമല്ല. |
| (സി) | പ്രധാനപ്പെട്ട ഏതൊക്കെ ക്ഷേത്രങ്ങളിലെ പശ്ചാത്തല സൗകര്യ വികസനത്തിനാണ് ഇത്തരം പാക്കേജിലൂടെ ലക്ഷ്യമിട്ടിരുന്നത്; | (സി) | ബാധകമല്ല. |
| (ഡി) | ഈ വർഷം ഏതൊക്കെ പ്രവർത്തനങ്ങൾ പൂർത്തിയാക്കുമെന്ന് വെളിപ്പെടുത്തുമോ; | (ഡി) | ബാധകമല്ല. |
| (ഇ) | ക്ഷേത്രങ്ങളുടെ പശ്ചാത്തല വികസന സൗകര്യങ്ങളും പുനരുദ്ധാരണ പ്രവർത്തനങ്ങളും നടത്തുന്നതിന് ക്ഷേത്രാചാരങ്ങളിലും മതാനുഷ്ഠാനങ്ങളിലും പ്രാഗൽഭ്യമുള്ളവരുടെ ഉപദേശങ്ങളും നിർദ്ദേശങ്ങളും തേടുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തുന്നത് എന്ന് വിശദമാക്കുമോ? | (ഇ) | ഓരോ ക്ഷേത്രങ്ങളുടേയും ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ക്ഷേത്രവുമായി ബന്ധപ്പെട്ട ഐതിഹ്യങ്ങൾ തുടങ്ങിയവ കണക്കിലെടുത്ത് തച്ചുശാസ്ത്രവിധി പ്രകാരമാണ് ക്ഷേത്രങ്ങളുടെ പശ്ചാത്തല വികസനവും പുനരുദ്ധാരണ പ്രവർത്തനങ്ങളും പൊതുവെ നടത്തിവരാറ്. |

Sulalhasan

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ-- പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.633 28-7-2010- ൽ മറുപടിയ്ക്ക്

**മത്സ്യസംസ്കരണ മേഖലയിലെ സ്ത്രീതൊഴിലാളികളുടെ പ്രശ്നങ്ങൾ**

ചോദ്യം | മറുപടി

ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ:
ശ്രീമതി. പി. അയിഷാ പോറ്റി:
ശ്രീ. എം.കെ. പുരുഷോത്തമൻ:
ശ്രീ. പി. വിശ്വൻ:

ശ്രീ. എസ്. ശർമ്മ:
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി):

| | |
|---|---|
| (എ) മത്സ്യ സംസ്കരണ മേഖലയിൽ പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് നിയോഗിച്ചിരുന്ന വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (എ) യും (ബി) യും<br>റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. സംസ്ഥാനത്തെ മത്സ്യ സംസ്കരണ ശാലകളിൽ വിവിധതരം ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് നിലവിലുള്ള തൊഴിൽ നിയമങ്ങൾ അനുസരിച്ച് സംരക്ഷണങ്ങൾ ലഭിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് അപര്യാപ്തമെങ്കിൽ സ്വീകരിക്കേണ്ട നടപടികൾക്കായും, തൊഴിൽ ചെയ്യുന്ന സാഹചര്യങ്ങൾ വിശകലനം ചെയ്ത്, ആരോഗ്യപരവും, വേതനാപരവുമായ സാമൂഹ്യ നീതികൾ ലഭിക്കുന്നുണ്ടോ എന്നും ഇല്ലെങ്കിൽ അവശ്യം സ്വീകരിക്കേണ്ട നടപടികൾക്കായും, നിലവിലുള്ള വിവിധ ക്ഷേമ പ്രവർത്തനങ്ങൾ വിലയിരുത്തി പുതിയ സമീപനങ്ങൾ ആവശ്യമാണോ എന്ന് വിലയിരുത്തുകയും ചെയ്യുന്നതിനുമായുള്ള ശുപാർശകൾക്കായി 2.1.2009-ൽ സർക്കാർ ഉത്തരവ് (ആർ.റ്റി)നമ്പർ 4/2009/മ.തു.വ നമ്പർ പ്രകാരം ഫിഷറീസ് സെക്രട്ടറി ചെയർമാനായും ഫിഷറീസ് ഡയറക്ടർ കൺവീനറായും ഒരു എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ 2 മീറ്റിംഗുകൾ യഥാക്രമം 24.6.2009, 4.8.2009 തീയതികളിൽ നടക്കുകയും 4.8.2009 ലെ മീറ്റിംഗിൽ ശക്തികുളങ്ങര, അരൂർ സംസ്കരണശാലകളിൽ സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ ഫീൽഡുതല |
| (ബി) എങ്കിൽ പ്രധാന ശുപാർശകൾ എന്തെല്ലാമാണ്; | |

| | |
|---|---|
| | പ്രശ്നങ്ങൾ പഠിക്കുന്നതിനായി ഒരു സബ് കമ്മിറ്റി രൂപീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. സബ് കമ്മിറ്റി ചോദ്യാവലി തയ്യാറാക്കി പീലിംഗ് കേന്ദ്രങ്ങളിൽ തൊഴിലെടുക്കുന്നവരിൽ നിന്നും വിവരം ശേഖരിക്കുന്നതാണ്. അതിനെ അടിസ്ഥാനപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കുന്നതാണ്. |
| (സി) വനിതാ പീലിംഗ് തൊഴിലാളികൾക്ക് സർക്കാർ എന്തെങ്കിലും സഹായധനം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (സി) അനുവദിച്ചിട്ടുണ്ട്. സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി സുനാമി ബാധിത മേഖലയായ എറണാകുളം, ആലപ്പുഴ, കൊല്ലം എന്നീ ജില്ലകളിലെ വനിതാ പീലിംഗ് തൊഴിലാളികൾക്കായി റിവോൾവിംഗ് ഫണ്ട് ഫോർ വർക്കിംഗ് കാപ്പിറ്റൽ ഫോർ പീലിംഗ് വർക്കേഴ്സ് എന്ന പദ്ധതി പ്രകാരം ആളൊന്നിന് 2,000/- രൂപാ നിരക്കിൽ 13370 പേർക്ക് 2,67,40,000/- രൂപാ ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ഡി) യൂറോപ്യൻ യൂണിയൻെറ അംഗീകാരമുള്ള എത്ര സംസ്ക്കരണ ശാലകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്; | (ഡി) 71 മത്സ്യ സംസ്കരണ ശാലകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. |
| (ഇ) സംസ്ക്കരണ ശാലകളുടെ ഭരണപരമായ നിയന്ത്രണം ഏത് ഏജൻസിക്കാണ്; | (ഇ) സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റിക്കാണ് ഭരണപരമായ നിയന്ത്രണമുള്ളത്. |
| (എഫ്) കേരളത്തിൽ നിന്നുള്ള മത്സ്യ കയറ്റുമതിയിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (എഫ്) വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |

| വർഷം | ടൺ | മൂല്യം |
|---|---|---|
| 2007-08 | 100318 | 1430.94 കോടി രൂപ |
| 2008-09 | 100780 | 1572.18 കോടി രൂപ |
| 2009-10 | 107183 | 1668.49 കോടി രൂപ |

**സെക്ഷൻ ഓഫീസർ**

**പന്ത്രണ്ടാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം : 634** **28.07.2010- ൽ മറുപടിക്ക്.**

## പോലീസിന്റെ മോഡേണൈസേഷന് കേന്ദ്ര സഹായത്തോടെ നടപ്പാക്കിയ പദ്ധതിക്ക് ചെലവായ തുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. യു. സി. രാമൻ<br>ശ്രീ. പി. കെ. അബ്ദുറബ്ബ് | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും<br>വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാന പോലീസിന്റെ മോഡേണൈസേഷന് കേന്ദ്ര സഹായത്തോടെ നടപ്പാക്കിയ പദ്ധതികളുടെ നടത്തിപ്പും, അതുമൂലം പോലീസിന്റെ കാര്യക്ഷമതയിലുണ്ടായ വ്യത്യാസവും വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ, വിശദവിവരം നൽകാമോ ; | : (എ) ഉണ്ട്.<br>വാഹനസൗകര്യം മെച്ചപ്പെടുത്താൻ കഴിഞ്ഞതിലൂടെ പ്രശ്നബാധിത അപകട മേഖലകളിൽ ചുരുങ്ങിയ സമയം കൊണ്ട് പോലീസ് സേവനം നൽകാൻ സാധിക്കുന്നു. മൂന്നു സിറ്റികളിൽ നടപ്പിലാക്കിയ ഡയൽ - 100 സിസ്റ്റം പൊതുജനങ്ങൾക്ക് പോലീസുമായി വളരെ വേഗം ബന്ധപ്പെടാൻ വഴിയൊരുക്കിയിട്ടുണ്ട്. ജില്ലകളിലെ പ്രധാന റോഡുകളിൽ സ്ഥാപിച്ചുകൊണ്ടി-രിക്കുന്ന സെക്യൂരിറ്റി ക്യാമറകൾ ട്രാഫിക് നിയമലംഘനങ്ങളും, മറ്റ് കുറ്റകൃത്യങ്ങളും എളുപ്പത്തിൽ കണ്ടെത്താൻ സഹായിക്കുന്നു. ഇപ്പോൾ 166 പോലീസ് സ്റ്റേഷനുകളിൽ സ്ഥാപിച്ചിട്ടുള്ള ലോക്കപ്പ്-മോണിറ്ററിംഗ് സിസ്റ്റം ലോക്കപ്പിനുള്ളിലെ പ്രതികളെ നിരീക്ഷിക്കുന്നതിന് സഹായിക്കുന്നു. സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സ്ഥാപിക്കപ്പെട്ട ഡി.എൻ.എ-ഫിംഗർ പ്രിന്റ് പരിശോധനാ സംവിധാനം ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിന് വളരെയേറെ സഹായിക്കുന്നു. |

(മറുപുറം)

(ബി) മോഡേണൈസേഷനുമായി ബന്ധപ്പെട്ട്, എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചത് എന്ന് വിശദമാക്കാമോ ; അവയുടെ നടത്തിപ്പ് പൂർത്തിയായിട്ടുണ്ടോ ;

: (ബി) പോലീസ് ആധുനികവൽക്കരണ ഫണ്ട് വിനിയോഗിച്ച് താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു:

1) നിർമ്മാണ പ്രവർത്തനങ്ങൾ
2) ഉപകരണങ്ങൾ വാങ്ങൽ
3) ഓപ്പറേഷൻ വാഹനങ്ങൾ വാങ്ങൽ
4) സയന്റിഫിക് ഇൻവെസ്റ്റിഗേഷൻ എക്യൂപ്മെന്റ് വാങ്ങൽ
5) ആയുധങ്ങൾ വാങ്ങൽ
6) വാർത്താവിനിമയ ഉപകരണങ്ങൾ വാങ്ങൽ
7) ട്രാഫിക് ഉപകരണങ്ങൾ വാങ്ങൽ
8) എക്യൂപ്മെന്റ്സ് വാങ്ങൽ
9) പരിശീലനം നൽകൽ
10) കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കൽ
11) മെഗാസിറ്റി/അർബൻ പോലീസിംഗ് (കൊച്ചി) നടപ്പാക്കൽ

(സി) ഇതിനായി ഇതേവരെ കേന്ദ്രത്തിൽ നിന്നും ഓരോ വർഷവും ലഭിച്ച സഹായമെത്രയെന്നും, എത്ര തുക വീതം ചെലവഴിച്ചു എന്നും വിശദമാക്കാമോ ;

: (സി) നാളിതുവരെ കേന്ദ്രത്തിൽ നിന്ന് ലഭിച്ച തുകയും ചെലവഴിച്ച തുകയും താഴെ ചേർക്കുന്നു (30.06.2010 പ്രകാരം) :

| പദ്ധതി വർഷം | ലഭിച്ച തുക (ലക്ഷത്തിൽ) | ചെലവാക്കിയ തുക (ലക്ഷത്തിൽ) |
|---|---|---|
| 2000-01 | 2929.00 | 2929.00 |
| 2001-02 | 3112.00 | 3112.00 |
| 2002-03 | 2543.00 | 2543.00 |
| 2003-04 | 2200.00 | 2200.00 |
| 2004-05 | 2645.00 | 2645.00 |
| 2005-06 | 1885.00 | 1885.00 |
| 2006-07 | 2300.00 | 2300.00 |
| 2007-08 | 3836.00 | 3810.70 |
| 2008-09 | 2290.00 | 2290.00 |
| 2009-10 | 3254.00 | 2644.51 |
| **ആകെ** | **26994.00** | **26359.21** |

(ഡി) ഇതേപ്രകാരം വാങ്ങിയ വാഹനങ്ങളുടെ വിശദവിവരവും, ആധുനിക ഉപകരണങ്ങളുടെ വിശദവിവരവും, ലഭ്യമാക്കാമോ ?

: (ഡി) വാഹനങ്ങളുടെയും, ആധുനിക ഉപകരണങ്ങളുടെയും വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

(അനുബന്ധം നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്)

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം : 635 — 28.07.2010- ൽ മറുപടിക്ക്.

## പോലീസ് സേനാംഗങ്ങളുടെ കായികക്ഷമത മെച്ചപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. മുരളി പെരുനെല്ലി | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) പോലീസ് സേനാംഗങ്ങളുടെ കായികക്ഷമത മെച്ചപ്പെടുത്തുന്നതിനും ആരോഗ്യ സുരക്ഷയ്ക്കുമായി സ്വീകരിച്ചിട്ടുളള നടപടികൾ വിശദമാക്കുമോ ; | : (എ) പോലീസ് സേനാംഗങ്ങളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായി വർഷാവർഷം പോലീസ് അത്‌ലറ്റിക്/ഗെയിംസ് മീറ്റുകൾ നടത്തുകയും, പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും ചെയ്തു വരുന്നു. കൂടാതെ, ഇതിലേയ്ക്ക് വിവിധ ജില്ലകളിലും, ബറ്റാലിയനുകളിലും ആധുനികവൽക്കരണത്തിന്റെ ഭാഗമായി ജിംനേഷ്യങ്ങൾ സ്ഥാപിക്കുകയും കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുളള നവീന ഉപകരണങ്ങൾ വാങ്ങി നൽകുകയും ചെയ്തു വരുന്നു. പോലീസുദ്യോഗസ്ഥരുടെ ജോലിയുടെ ഭാഗമായി സംഭവിക്കുന്ന അത്യാഹിതങ്ങൾ/ അപകടങ്ങൾ എന്നിവയെ തുടർന്നുളള ചികിത്സയ്ക്കും മറ്റുമായിട്ട് 'ഡ്യൂട്ടി ഹസാർഡ് വിക്ടിംസ് റിലീഫ് ഫണ്ട്' എന്ന പേരിൽ ഒരു സഹായനിധി രൂപീകരിക്കുന്നതിനുളള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. പോലീസ് സ്പോർട്സ് ടീമുകൾ പുനരുജ്ജീവിപ്പിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) പോലീസുകാരുടെ കായികക്ഷമത പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ; | : (ബി) പരിഗണനയിലില്ല. |

(മറുപുറം)

(സി) പോലീസുകാർക്ക് വാർഷിക വൈദ്യപരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

: (സി) പോലീസുദ്യോഗസ്ഥർ തികച്ചും പ്രതികൂലമായ സാഹചര്യങ്ങളിൽ രാപകൽ ഭേദമെന്യേ ജോലി ചെയ്യുന്നവരാണ്. ഈ പ്രതികൂല സാഹചര്യങ്ങൾ അവരുടെ ആരോഗ്യത്തെ വലിയ ഒരു അളവുവരെ ദോഷകരമായി ബാധിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ പോലീസുദ്യോഗസ്ഥർക്ക് വാർഷിക വൈദ്യപരിശോധന നടത്തുന്നതിനും അതിനുവേണ്ടി വരുന്ന ഫണ്ട് അനുവദിക്കുന്നതും സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) പോലീസ് സ്റ്റേഷനുകളോടനുബന്ധിച്ച് വിശ്രമ മുറികൾ സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

: (ഡി) പതിനൊന്നാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരവും, വിവിധ വർഷങ്ങളിലെ പോലീസ് ആധുനികവൽക്കരണ പദ്ധതി പ്രകാരവും അനുവദിച്ച വിശ്രമമുറികൾ പോലീസ് സ്റ്റേഷനുകളോടനുബന്ധിച്ച് നിർമ്മിച്ചുവരുന്നു.

(ഇ) പോലീസുകാർക്കുവേണ്ടി മാത്രം പ്രവർത്തിക്കുന്ന എത്ര ആശുപത്രികളുണ്ടെന്ന് വെളിപ്പെടുത്തുമോ ?

: (ഇ) പോലീസുകാർക്ക് വേണ്ടി പ്രവർത്തിക്കുന്ന 11 പോലീസ് ആശുപത്രികളും, 3 പോലീസ് ഡിസ്പെൻസറികളും സംസ്ഥാനത്ത് നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരളനിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 636.    28-07-2010 ൽ മറുപടിയ്ക്ക്

## തീവ്രവാദ പ്രവർത്തനങ്ങൾ അന്വേഷിക്കുന്നതിന് പുതിയ തീവ്രവാദ വിരുദ്ധ സ്ക്വാഡ്

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. കെ. ബാബു**<br>**ശ്രീ. അടൂർ പ്രകാശ്**<br>**ശ്രീ. പി.സി. വിഷ്ണുനാഥ്**<br>**ശ്രീ. സി.പി. മുഹമ്മദ്** | **ശ്രീ. കോടിയേരി ബാലകൃഷ്ണൻ,<br>ആഭ്യന്തരവും വിജിലൻസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി.** |
| എ) സംസ്ഥാനത്ത് തീവ്രവാദ പ്രവർത്തനങ്ങൾ ശക്തമാകുന്ന സാഹചര്യത്തിൽ, ഇതേക്കുറിച്ച് കാര്യക്ഷമമായി അന്വേഷിക്കുന്നതിന് പുതിയ ഒരു തീവ്രവാദ വിരുദ്ധ സ്ക്വാഡ് രൂപീകരിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;<br><br>ബി) ഇതിനായി ആഭ്യന്തരവകുപ്പ് ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി എന്തൊക്കെ പ്രൊപ്പോസലുകളാണ് നൽകിയിട്ടുള്ളത്; | (എ) & (ബി): ഇല്ല. എന്നാൽ ആഭ്യന്തര സുരക്ഷയുമായി ബന്ധപ്പെട്ട കേസ്സുകളുടെ അന്വേഷണത്തിനായി 17-7-2010-ലെ G.O.(Rt.) No. 2333/10/Home നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആഭ്യന്തര സുരക്ഷാ അന്വേഷണവിഭാഗം രൂപീകരിച്ചിട്ടുണ്ട്. |
| സി) സംസ്ഥാനത്തെ തീവ്രവാദ കേസ്സുകളുടെ അന്വേഷണത്തിനായി നിയോഗിച്ചിരുന്ന ജോയിന്റ് ഇൻവെസ്റ്റിഗേഷൻ ടീം (ജി.ഐ.ടി.) ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഈ ടീമിന്റെ പ്രവർത്തനം നിറുത്തലാക്കിയതിനുള്ള കാരണമെന്ത്; | സി) പ്രസ്തുത ടീം അന്വേഷിച്ചിരുന്ന കേസ്സുകളൊക്കെ എൻ.ഐ.എ-യ്ക്ക് കൈമാറിയതിനാലും അതിന്റെ തലവനായിരുന്ന ശ്രീ. വിനോദ്കുമാർ, ഡി.ഐ.ജി കേന്ദ്ര ഡെപ്യൂട്ടേഷനിൽ പോയതിനാലും ഇപ്പോൾ ടീം നിലവിലില്ല. |

| | |
|---|---|
| ഡി) പുതുതായി രൂപീകരിക്കുന്ന തീവ്രവാദ വിരുദ്ധ സ്ക്വാഡിന്റെ ഘടനയും പ്രവർത്തന രീതികളും എന്തായിരിക്കും; | ഡി) പുതുതായി രൂപീകരിച്ചിട്ടുള്ള ആഭ്യന്തര സുരക്ഷ അന്വേഷണ വിഭാഗത്തിൽ (Internal Security Investigation Branch) പോലീസ് സൂപ്രണ്ടിന്റെ 1-ഉം ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, സർക്കിൾ ഇൻസ്പെക്ടർ, സബ്-ഇൻസ്പെക്ടർ, ഹെഡ്കോൺസ്റ്റബിൾ എന്നിവരുടെ 2 വീതവും തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. ഈ അന്വേഷണ ടീം ഭരണപരമായി സി.ബി.സി.ഐ.ഡി -യുടെ ഭാഗവും, ഇതിന്റെ ഓപ്പറേഷണൽ ചുമതല ഇന്റലിജൻസ് എ.ഡി.ജി.പി യ്ക്കുമായിരിക്കും. ആഭ്യന്തര സുരക്ഷാ അന്വേഷണ വിഭാഗത്തിന്റെ മൊത്തത്തിലുള്ള നിയന്ത്രണം പോലീസ് ഡയറക്ടർ ജനറലിൽ നിക്ഷിപ്തമായിരിക്കും. |
| ഇ) പ്രസ്തുത സേനയ്ക്കാവശ്യമായ ഉദ്യോഗസ്ഥരെയും മറ്റ് ജീവനക്കാരെയും എങ്ങിനെ നിയമിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; | ഇ) നിലവിൽ സേനയിൽ ജോലിനോക്കുന്ന ഉദ്യോഗസ്ഥരിൽനിന്നും സത്യസന്ധതയും ആത്മാർത്ഥതയും ഇത്തരം ജോലികളിൽ പ്രാഗത്ഭ്യം തെളിയിച്ചവരുമായവരെ തെരെഞ്ഞെടുത്താണ് നിയമിച്ചിട്ടുള്ളത്. |
| എഫ്) പ്രസ്തുത സേന രൂപീകരണത്തിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ എന്തൊക്കെ സഹായ സഹകരണങ്ങളാണ് ലഭ്യമാക്കുക എന്ന് വെളിപ്പെടുത്തുമോ? | എഫ്) ബാധകമല്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 637

28.07.2010-ൽ മറുപടിയ്ക്ക്

## പൈതൃക നഗരങ്ങളെ സംരക്ഷിക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.എം.പ്രകാശൻമാസ്റ്റർ<br>പ്രൊഫ. സി.രവീന്ദ്രനാഥ്<br>ശ്രീ. എ.എം. ആരിഫ് | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |

| | | | |
| --- | --- | --- | --- |
| (എ) | സംസ്ഥാനത്ത് പൈതൃക നഗരങ്ങളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്തെ പൈതൃക നഗരങ്ങളെ സംരക്ഷിക്കുകയും, ചരിത്രാവശിഷ്ടങ്ങൾ പരിപാലിച്ച് ടൂറിസ്റ്റുകളെ ആകർഷിക്കുകയും ചെയ്യുന്ന പദ്ധതി ടൂറിസം വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. ഇതു പ്രകാരം, കൊടുങ്ങല്ലൂർ ആസ്ഥാനമായി മുസിരിസ് ഹെറിറ്റേജ് പദ്ധതി കേന്ദ്ര സഹായത്തോടെ നടപ്പാക്കി വരുന്നു. തലശ്ശേരി കേന്ദ്രമാക്കിയും ഒരു പൈതൃക സംരക്ഷണ പദ്ധതി ആസൂത്രണം ചെയ്ത് വരുന്നുണ്ട്. |
| (ബി) | ഏതെല്ലാം നഗരങ്ങളെയാണ് പൈതൃക നഗരങ്ങളായി അംഗീകരിച്ചിട്ടുള്ളത്; | ബി) + (സി) | ഒരു നഗരത്തെയും പ്രത്യേകമായി പൈതൃക നഗരമായി അംഗീകരിച്ചിട്ടില്ല. എന്നാൽ, മുസിരിസ് ഹെറിറ്റേജ് പദ്ധതിയുടെ ഭാഗമായി ചരിത്രമ്യൂസിയവും ഗവേഷണകേന്ദ്രങ്ങളും സ്ഥാപിക്കാനുള്ള നിർദ്ദേശം പരിഗണിച്ചുവരുന്നു. |
| (സി) | എല്ലാ പൈതൃക നഗരങ്ങളിലും ചരിത്രമ്യൂസിയവും ഗവേഷണ കേന്ദ്രങ്ങളും സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | | |
| (ഡി) | സംസ്ഥാനത്തെ പൈതൃക നഗരങ്ങളെ കൂട്ടിയോജിപ്പിച്ചു കൊണ്ട് ഒരു ടൂറിസം പാക്കേജിന് നടപടി സ്വീകരിക്കുമോ; | ഡി) | ഇപ്പോൾ പരിഗണനയിൽ ഇല്ല. |
| (ഇ) | ആലപ്പുഴ നഗരത്തെ പൈതൃക നഗരമാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വ്യക്തമാക്കുമോ? | ഇ) | ആലപ്പുഴ നഗരത്തെ പൈതൃക നഗരമാക്കുന്ന പദ്ധതി നിലവിലില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.638 28-7-2010-ന് മറുപടിക്ക്

## ഇന്റഗ്രേറ്റഡ് ഹൗസിംഗ് ആന്റ് സ്ലം ഡവലപ്മെന്റ് പ്രോഗ്രാം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ബി.രാഘവൻ<br>ശ്രീ.പി.ജയരാജൻ<br>ശ്രീ.എ.സി.മൊയ്തീൻ | ശ്രീ.പാലോളി മുഹമ്മദ്കുട്ടി,<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) നഗരപ്രദേശങ്ങളിലെ ചേരികളുടെ സമഗ്ര വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള ഇന്റഗ്രേറ്റഡ് ഹൗസിംഗ് ആന്റ് സ്ലം ഡവലപ്മെന്റ് പ്രോഗ്രാം നടപ്പാക്കുന്നതിൽ എന്തുമാത്രം നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ) നഗര പ്രദേശങ്ങളിലെ ചേരികളുടെ സമഗ്ര വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയായ സംയോജിത ഭവന നിർമ്മാണ ചേരി വികസന പരിപാടി (ഐ.എച്ച്.എസ്.ഡി.പി.) പ്രകാരം സംസ്ഥാനത്തെ 45 നഗരസഭകളിലായി 53 പ്രോജക്ടുകൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികളുടെ ആകെ പ്രോജക്ട് തുക 273.31 കോടി രൂപയാണ്. ഇതിൽ 201.37 കോടി രൂപ കേന്ദ്ര വിഹിതവും 20.85 കോടി രൂപ സംസ്ഥാന വിഹിതവും 31.39 കോടി രൂപ നഗരസഭാ വിഹിതവും 19.63 കോടി രൂപ ഗുണഭോക്തൃ വിഹിതവുമാണ്. ഇതിൽ കേന്ദ്ര വിഹിതമായി 99.98 കോടി രൂപ സംസ്ഥാന സർക്കാരിന് ലഭ്യമാക്കുകയും, സംസ്ഥാന സർക്കാരിൽ നിന്നും 93.32 കോടി രൂപ സംസ്ഥാനതല നോഡൽ ഏജൻസിയായ കുടുംബശ്രീക്ക് കൈമാറിയിട്ടുമുണ്ട്. ഈ പദ്ധതി പ്രകാരം 37 പ്രോജക്ടുകൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. 16 പ്രോജക്ടുകളുടെ നിർവ്വഹണം പ്രാരംഭഘട്ടത്തിലാണ്. ഇവയുടെ 2010 ജൂൺ 30 വരെയുള്ള നേട്ടങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താൻ അനുവദിച്ചിട്ടുള്ളത്; | ബി) ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, കക്കൂസുകൾ, കമ്മ്യൂണിറ്റി ടോയ്ലറ്റുകൾ, ഭൗതിക സൗകര്യങ്ങൾ, ശുദ്ധജല വിതരണം, ഓടകൾ, പൊതുകുളിമുറികൾ. നിലവിലുള്ള ചെറുപാതകളുടെ വീതികൂട്ടലും പേവിംഗും, സ്ട്രീറ്റ് |

ലൈനുകൾ, തെരുവ് വിളക്കുകൾ, അംഗൻവാടികൾ, അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ, വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങൾ, റിക്രിയേഷൻ ക്ലബ്ബുകൾ, കമ്മ്യൂണിറ്റി കേന്ദ്രങ്ങൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയ പ്രവർത്തികൾ, ഐ.എച്ച്.എസ്.ഡി.പി. പദ്ധതിയിൻ കീഴിൽ നടത്താവുന്നതാണ്.

സി) ഇതുവരെ എത്രകോടി രൂപയുടെ പ്രോജക്ടുകൾക്ക് അംഗീകാരം നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്നറിയിക്കാമോ;

സി) ഐ.എച്ച്.എസ്.ഡി.പി. പദ്ധതി പ്രകാരം സംസ്ഥാനത്തെ 45 നഗരസഭകളുടെ **53** പ്രോജക്ടുകൾ (45 ഒന്നാം ഘട്ട പ്രോജക്ടുകളും, 8 രണ്ടാം ഘട്ട പ്രോജക്ടുകളും) കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആകെ 273.31 കോടി രൂപയുടെ പദ്ധതികൾക്കാണ് ഇതുവരെ അംഗീകാരം ലഭിച്ചിട്ടുള്ളത്.

ഡി) 2006-2011 വരെ പദ്ധതിയ്ക്കായി കേരളത്തിന് എത്ര കോടി രൂപയാണ് നീക്കിവെച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഡി) ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ കാലാവധിയായ **2005-06** മുതൽ **2011-12** വരെ സംസ്ഥാനത്തിന് ഐ.എച്ച്.എസ്. ഡി.പി.യ്ക്കായി കേന്ദ്ര ഗവൺമെന്റ് നീക്കിവച്ചിട്ടുള്ളത് 198.83 കോടി രൂപയാണ്. ഇതിൽ **9.94** കോടി രൂപ ഭരണചെലവിനും **188.89** കോടി രൂപ പ്രോജക്ടുകൾക്കുമാണ്. എന്നാൽ സംസ്ഥാനത്തിന് അനുവദിച്ച **53** പ്രോജക്ടുകൾക്കും കൂടി അനുവദിച്ചിട്ടുള്ള ആകെ കേന്ദ്ര വിഹിതം 201.37 കോടി രൂപയാണ്. ഐ.എച്ച്.എസ്. ഡി.പി. പദ്ധതിയിൽ കൂടുതൽ നഗരസഭകളെ ഉൾപ്പെടുത്തുന്നതിനുള്ള ആവശ്യം വന്നതിനാൽ **12.48** കോടി രൂപ അധികമായി വകയിരുത്തിയതു കൊണ്ടാണ് ഇത്രയും പ്രോജക്ടുകൾ അനുവദിക്കപ്പെട്ടിട്ടുള്ളത്

സെക്ഷൻ ഓഫീസർ

## അനുബന്ധം

IHSDP പദ്ധതി – 2010 ജൂൺ 30 വരെയുള്ള നേട്ടങ്ങൾ

| തുക കോടിയിൽ | | അനുവദിച്ച വീടുകളുടെ എണ്ണം | പൂർത്തിയാക്കി വീടുകളുടെ എണ്ണം | നിർമ്മാണ പുരോഗതിയിൽ ഇരിക്കുന്ന വീടുകളുടെ എണ്ണം | അനുവദിച്ച ഭവന പുന.രുദ്ധാരണങ്ങളുടെ എണ്ണം | പൂർത്തിയാക്കി ഭവന പുന.രുദ്ധാരണങ്ങളുടെ എണ്ണം | നിർമ്മാണ പുരോഗതിയിൽ ഇരിക്കുന്ന ഭവന പുന.രുദ്ധാരണങ്ങളുടെ എണ്ണം | പൂർത്തിയാക്കിയ അടിസ്ഥാന സൗകര പ്രവൃത്തികളുടെ എണ്ണം | നിർമ്മണ പുരോഗതിയിൽ ഇരിക്കുന്ന അടിസ്ഥാന സൗകര്യ പ്രവൃത്തികളുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|
| ആകെ നഗരസഭകൾക്ക് നല്കിയ തുക | ആകെ ചെലവായ തുക | | | | | | | | |
| 96.46 | 75.51 | 14126 | 2539 | 2557 | 11452 | 4736 | 779 | 506 | 263 |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരളനിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 639.** **28-07-2010 ൽ മറുപടിയ്ക്ക്**

**നിലമ്പൂർ ട്രെയിൻ അട്ടിമറി സംഭവത്തെക്കുറിച്ച് സർക്കാർ അന്വേഷണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.എൻ.പ്രതാപൻ<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി | ശ്രീ. കോടിയേരി ബാലകൃഷ്ണൻ,<br>ആഭ്യന്തരവും വിജിലൻസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി. |
| എ) നിലമ്പൂർ ട്രെയിൻ അട്ടിമറി സംഭവത്തെക്കുറിച്ച് സർക്കാർ നടത്തിയ അന്വേഷണത്തിൽ എന്തൊക്കെ പ്രാഥമിക നിഗമനങ്ങളിലാണ് എത്തിയത് എന്ന് വെളിപ്പെടുത്തുമോ;<br>ബി) ഈ സംഭവത്തിൽ രാജ്യത്തിനു പുറത്തുള്ള ഏതെങ്കിലും ഭീകര സംഘടനകളുമായി ബന്ധമുള്ളതായി എന്തെങ്കിലും തെളിവ് ലഭിച്ചിട്ടുണ്ടോ;<br>സി) എഞ്ചിനീയറിംഗ് വിഭാഗത്തിൽ വൈഭവമുള്ളവരുടെ ഉപദേശവും സഹായവും ഈ അട്ടിമറിക്ക് പിന്നിൽ ഉണ്ടായിരുന്നു എന്ന് കരുതുന്നതിനുള്ള തെളിവുകൾ കണ്ടെത്തിയിട്ടുണ്ടോ; | (എ),(ബി) & (സി) : നിലമ്പൂരിൽ ട്രെയിനിന്റെ ബ്രേക്ക് പൈപ്പുകൾ അറുത്തു മുറിച്ച സംഭവത്തോടനുബന്ധിച്ച് ഷൊർണ്ണൂർ റെയിവേ പോലീസ് Cr. No. 38/10 U/s. 151 ഇന്ത്യൻ റെയിൽവേ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത കേസ് പാലക്കാട് സി.ബി.സി.ഐ.ഡി OCW III യിലെ ഡി.വൈ.എസ്.പി യുടെ നേതൃത്വത്തിൽ അന്വേഷണം നടന്നുവരുന്നു (CBCID Cr. No. 440/CR/OCW III/2010). കേസിന്റെ അന്വേഷണം പ്രാരംഭ ഘട്ടത്തിലാണ്. |
| ഡി) ഇത്തരം കൂടുതൽ വിവരങ്ങൾ കണ്ടെത്തുന്നതിന് ഇക്കാര്യത്തിൽ ഏതുതരത്തിലുള്ള സമഗ്ര അന്വേഷണം നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;<br>ഇ) ഈ സംഭവത്തെക്കുറിച്ച് എൻ.ഐ.എ അന്വേഷിക്കണമെന്ന നിർദ്ദേശം സർക്കാർ പരിഗണിക്കുന്നുണ്ടോ; | (ഡി), (ഇ) & (എഫ്) : തീവണ്ടിയിൽ നടന്ന ആക്രമണമാകയാലും, തീവ്രവാദ ബന്ധം സംശയിക്കുന്നതിനാലും ഒരു അന്തർ സംസ്ഥാന അന്വേഷണം ആവശ്യമാണെന്ന് സർക്കാരിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ഈ കേസിന്റെ അന്വേഷണം എൻ.ഐ.എ ഏറ്റെടുക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| എഫ്) ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാർ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് എന്തൊക്കെ നിർദ്ദേശങ്ങളും വിശദീകരണങ്ങളുമാണ് സമർപ്പിച്ചിരിക്കുന്നത്? | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 640

28-7-2010 ൽ
മറുപടിക്ക്

ചെന്നൈയിലെ ഭൂമിയിൽ കെ.ടി.ഡി.സി നടപ്പാക്കുന്ന പ്രോജക്റ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.സി. മൊയ്തീൻ:<br>ശ്രീ. വി.ജെ.തങ്കപ്പൻ:<br>ശ്രീ. എം. ചന്ദ്രൻ:<br>ശ്രീ. സി.കെ.പി. പത്മനാഭൻ: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും<br>വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) കേരള സർക്കാരിന്റെ മറ്റു സംസ്ഥാനങ്ങളിലുള്ള ഭൂമി അന്യാധീനപ്പെടാതിരിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ; | എ) കേരള സർക്കാരിന് മുംബൈയിലുള്ള ഭൂമിയിൽ കേരള ഭവൻ നിർമ്മിച്ചിട്ടുണ്ട്. ചെന്നൈയിലുള്ള 55 സെന്റ് സ്ഥലം കെ.ടി.ഡി.സി. യ്ക്ക് ഒരു ഹോട്ടൽ സമുച്ചയം പണിയുന്നതിനായി 99 വർഷത്തെ പാട്ടത്തിന് നൽകിയിട്ടുണ്ട്. |
| ബി) അനാഥമായി കിടന്നിരുന്ന ചെന്നൈയിലെ ഭൂമിയിൽ കെ.ടി.ഡി.സി നടപ്പാക്കുന്ന പ്രോജക്റ്റിന്റെ വിശദാംശം നൽകുമോ; | ബി) ചെന്നൈയിൽ ഗ്രീംസ് റോഡിൽ അപ്പോളോ ആശുപത്രിയ്ക്ക് സമീപം സ്ഥിതി ചെയ്യുന്ന 55 സെന്റ് സ്ഥലത്ത് 'കേരളാ ഹൗസ് ' എന്ന പേരിൽ ഒരു ഹോട്ടൽ സമുച്ചയം തുടങ്ങാൻ സർക്കാർ കെ.ടി.ഡി.സി യ്ക്ക് അനുമതി നൽകുകയുണ്ടായി. ഏകദേശം 22 കോടിയിൽപ്പരം രൂപ മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന ഹോട്ടൽ സമുച്ചയത്തിന്റെ നിർമ്മാണം ഇപ്പോൾ ധൃതഗതിയിൽ നടക്കുകയാണ്. മൊത്തം 12 നിലകളിലായി 91 മുറികളും കോൺഫറൻസ് ഹാളുകൾ |

ഉൾപ്പെടെയുള്ള മറ്റ് അനുബന്ധ സൗകര്യങ്ങളും വിഭാവനം ചെയ്തിട്ടുണ്ട്. ഇതിൽ 10 മുറികൾ സംസ്ഥാന പൊതുഭരണ വകുപ്പിന്റെ നിയന്ത്രണത്തിൽ അതിഥി മന്ദിരം ആയി ഉപയോഗിക്കുന്നതാണ്.

സി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

സി) കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ധ്രുതഗതിയിൽ നടന്നുവരുന്നു. ഇലക്ട്രിക്കൽ, പ്ളംബിംഗ്, എയർകണ്ടീഷനിംഗ്, ഇന്റീരിയർ തുടങ്ങിയ എല്ലാ പണികൾക്കും കരാറുകൾ നൽകിയിട്ടുണ്ട്. പ്രസ്തുത പണികളും സമാന്തരമായി നടന്നുവരുന്നു.

ഡി) പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്; വിശദമാക്കുമോ ?

ഡി) 2010 ഡിസംബർ മാസത്തോടെ പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കേരളാഹൗസിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് സർക്കാർ നൽകുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.641 — 28.07.2010-ൽ മറുപടിക്ക്.

## തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.ജെ.അരുന്ധതി<br>ശ്രീ.കെ.ടി.ജലീൽ<br>ശ്രീ.പി.ടി.എ.റഹീം | ശ്രീ.പാലോളിമുഹമ്മദുകുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി) |
| (എ) തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) (1)ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും കാര്യപ്രാപ്തി വികസനത്തിന് പരിശീലനം നൽകി.<br>(2)തദ്ദേശഭരണസ്ഥാപനങ്ങൾക്ക് മാത്രമായി പുതിയ എഞ്ചിനീയറിംഗ് കേഡർ രൂപീകരിച്ചു.<br>(3)എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും അക്കൗണ്ടന്റുമാരെ ലഭ്യമാക്കി<br>(4)ഗ്രാമപഞ്ചായത്തുകളിൽനിന്നും പൊതുജനങ്ങൾക്ക് നൽകേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനും ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പാക്കി. |
| (ബി) വികസനപ്രവർത്തനങ്ങൾക്കായി ഓരോ വർഷവും കൂടുതൽ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. വിഹിതത്തിൽ ഓരോ വർഷവും 10 ശതമാനം വർദ്ധനവ് വരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഭരണസംവിധാനം ചിട്ടപ്പെടുത്താനും കണക്കു സൂക്ഷിപ്പുമെച്ചപ്പെടുത്താനും കഴിഞ്ഞിട്ടുണ്ടോ; | (സി) | കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | എങ്കിൽ വിശദാംശം നല്കുമോ; | (ഡി) | 01.04.2006മുതൽ ഗ്രാമപഞ്ചായത്തുകളിൽ പുതിയ അക്കൗണ്ടിംഗ് സംവിധാനം ഏർപ്പെടുത്തുകയുണ്ടായി. അതനുസരിച്ച് പഞ്ചായത്തിന്റെ എല്ലാ വരുമാനവും എല്ലാ ചെലവുകളും പഞ്ചായത്തിന്റെ **CashBook** - ലും അനുബന്ധ രേഖകളിലും രേഖപ്പെടുത്തുന്ന സംവിധാനം നിലവിൽവന്നു. കണക്കുകൾ സൂക്ഷിക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 12.04.2006 - ലെ സ.ഉ(പി) നമ്പർ:177/06/ധന. ഉത്തരവ് പ്രകാരം പുറപ്പെടുവിക്കുകയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ അവ പാലിക്കുകയും ചെയ്യുന്നുണ്ട്. ഏതാനും ചില ഗ്രാമപഞ്ചായത്തുകളിലൊഴികെ മറ്റെല്ലാ സ്ഥാപനങ്ങളിലും കുടിശ്ശികയില്ലാതെ കണക്കെഴുതി സൂക്ഷിക്കുന്നുണ്ട്. (2008-09) - ൽ ഒരു ഗ്രാമപഞ്ചായത്ത് ഒഴികെ മറ്റെല്ലാ ഗ്രാമപഞ്ചായത്തുകളും വാർഷിക ധനകാര്യപത്രിക തയ്യാറാക്കി ആഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. (2009-10 ) - ൽ ഇതുവരെ 363 ഗ്രാമപഞ്ചായത്തുകൾ വാർഷിക |

ധനകാര്യ പത്രിക ആഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും അക്കൗണ്ട്സ് കുടിശ്ശികയില്ല. അഞ്ച് കോർപ്പറേഷനുകളിലും രണ്ട് മുനിസിപ്പാലിറ്റികളിലും 01.04.2007 മുതൽ Double EntryAccounting System നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് നഗരസഭകളിൽ 01.04.2010 മുതൽ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം നടപ്പിലാക്കിത്തുടങ്ങി. പഞ്ചായത്തുകളിൽഡബിൾ എൻട്രി അക്കൌണ്ടിംഗ് സിസ്റ്റം നടപ്പിലാക്കാൻ തീരുമാനിക്കുകയും അതിനുള്ള അക്കൗണ്ട്സ് റൂൾസ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ടി അക്കൗണ്ട് റൂൾസ് ധനകാര്യവകുപ്പിന്റെ പരിശോധനയിലാണ്.

(ഇ) തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കുള്ള ഫണ്ട് പുനർനിർണ്ണയിക്കുന്നതിന് നാലാം ധനകാര്യകമ്മീഷനെ നിയമിച്ചിട്ടുണ്ടോ; കമ്മീഷന്റെ കാലാവധി എത്ര മാസമാണെന്ന് വെളിപ്പെടുത്തുമോ?

(ഇ) ഉണ്ട് നോട്ടിഫിക്കേഷൻ നമ്പർ 42650/Admn.A1/2009/Fin, Dated 19.9.2009 പ്രകാരം. നോട്ടിഫിക്കേഷൻ തീയതി മുതൽ ഒരു വർഷമാണ് കമ്മീഷന്റെ കാലാവധി.

സെക്ഷൻ ആഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 642

28-7-2010 ൽ
മറുപടിക്ക്

## ടൂറിസം മേഖലയിൽ സ്വകാര്യ നിക്ഷേപം വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ:<br>ശ്രീ. മഞ്ഞളാംകുഴി അലി:<br>ശ്രീ. അൽഫോൺസ് കണ്ണന്താനം:<br>ശ്രീ. ബി.ഡി. ദേവസ്സി: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും<br>വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ടൂറിസം മേഖലയിൽ സ്വകാര്യ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനായി പ്രോത്സാഹനം നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ) ഉണ്ട്. ടൂറിസം രംഗത്ത് സ്വകാര്യ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുസ്വകാര്യ പങ്കാളിത്ത മാതൃകയിലുള്ള വിവിധ പദ്ധതികൾ ടൂറിസ്റ്റ് റിസോർട്ട്സ് കേരള ലിമിറ്റഡ് വഴി ആവിഷ്കരിച്ചിട്ടുണ്ട്. ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന ടൂറിസം സാദ്ധ്യതകളുള്ള സ്ഥലങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. ആദ്യ പദ്ധതിയായി വേളിയിൽ ഒരു രാജ്യാന്തര ഉല്ലാസകേന്ദ്രം സ്ഥാപിക്കുവാനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തിയായി വരുന്നു. കൂടാതെ, ബേക്കൽ ടൂറിസം പദ്ധതിയുടെ ഭാഗമായി റിസോർട്ട് സംരംഭകർക്ക് അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിച്ചു നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട ഹോട്ടലുകൾ നിർമ്മിക്കുന്നതിന് സ്വകാര്യ സംരംഭകരെ ആകർഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) | കേരളത്തിലെ ടൂറിസം സാദ്ധ്യതകളുള്ള പ്രദേശങ്ങളിൽ സ്വകാര്യസംരംഭകരോടു ചേർന്ന് പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിലുള്ള ഹോട്ടൽ പദ്ധതികൾ ഉൾപ്പെടെ വിവിധ ടൂറിസം പദ്ധതികൾ സർക്കാർ ഉടമസ്ഥതയിലുള്ള ഒഴിഞ്ഞു കിടക്കുന്ന ടൂറിസം സാദ്ധ്യതകളുള്ള ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ടി.ആർ.കെ.എൽ വഴി നടപ്പിലാക്കുന്നതാണ്. കൂടാതെ, ബേക്കൽ ടൂറിസത്തിന്റെ ഭാഗമായി ഹോട്ടലുകൾ നിർമ്മിക്കുന്നതിന് സ്വകാര്യസംരംഭകരെ ആകർഷിക്കുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചുകഴിഞ്ഞു. |
| സി) | ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി, ഇലക്ട്രിസിറ്റി സബ്സിഡി എന്നിവ നിക്ഷേപകർക്ക് നൽകുന്നുണ്ടോ; | സി) | ഉണ്ട്. |
| ഡി) | ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ ? | ഡി) | വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരളനിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 643. 28-07-2010 ൽ മറുപടിയ്ക്ക്

**ആയുധശേഖരം കണ്ടെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ബാബു എം. പാലിശ്ശേരി**<br>**ശ്രീ. കെ.റ്റി.ജലീൽ**<br>**ശ്രീ. പി. ജയരാജൻ**<br>**ശ്രീ. പി.ടി.എ. റഹീം** | **ശ്രീ. കോടിയേരി ബാലകൃഷ്ണൻ,**<br>**ആഭ്യന്തരവും വിജിലൻസും**<br>**വിനോദ സഞ്ചാരവും വകുപ്പുമന്ത്രി.** |
| എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ തീവ്രവാദികൾ ആയുധശേഖരണം നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ചില സ്ഥലങ്ങളിൽ മത മൗലികവാദ സംഘടനകളിൽപ്പെട്ട ചിലർ ആയുധങ്ങൾ സൂക്ഷിച്ചുവെച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ ബോംബുകളും ആയുധങ്ങളും സ്ഫോടക നിർമ്മാണ വസ്തുക്കളും കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | ബി) അത്തരം ബോംബുകളും ആയുധങ്ങളും കണ്ടെത്തുന്നതിനുവേണ്ടി പോലീസ് വ്യാപകമായി ചില സംഘടനകളുടെ ആഫീസുകളിലും, അതിന്റെ പ്രവർത്തകരുടെ വീടുകളിലും മറ്റും റെയ്ഡ് നടത്തിയിട്ടുണ്ട്. |
| സി) ഏതെല്ലാം പ്രദേശങ്ങളിൽ നിന്നാണ് ആയുധ ശേഖരങ്ങൾ കണ്ടെത്തിയിട്ടുള്ളത്; | സി) കണ്ണൂരിലെ എടയ്ക്കാട്, പയ്യന്നൂർ, കൊളവല്ലൂർ എന്നീ സ്ഥലങ്ങളിൽ നിന്നും നാടൻ ബോംബുകളും, വടിവാൾ, മഴു തുടങ്ങിയ ചില ആയുധങ്ങളും പിടിച്ചെടുത്തിട്ടുണ്ട്. |

| | |
|---|---|
| ഡി) ഇതുമായി ബന്ധപ്പെട്ട് ആരെയെങ്കിലും കസ്റ്റഡിയിലെടുത്തിട്ടുണ്ടോ; | ഡി) ഇതുമായി ബന്ധപ്പെട്ട് എടയ്ക്കാട് പി.എസ്-ൽ ക്രൈം നമ്പർ 377/10 സ്ഫോടക വസ്തു നിയമപ്രകാരം അഷറഫ്, മൻസൂർ, അഫ്സൽ മറ്റു കണ്ടാലറിയാവുന്ന 25 പേർക്കെതിരെയും പയ്യന്നൂർ പി.എസ്-ൽ ക്രൈം നമ്പർ 510/10 ആയുധ നിയമപ്രകാരം അഫ്സലിനെതിരെയും കൊളവല്ലൂർ പി.എസ്.-ൽ ക്രൈം നമ്പർ 336/10 ആയുധ നിയമപ്രകാരം കുഞ്ഞഹമ്മദ് എന്ന ആൾക്കെതിരെയും കേസെടുത്ത് അന്വേഷണം നടത്തിവരുന്നു. |
| ഇ) ഇവരുടെ രാഷ്ട്രീയ ബന്ധം വ്യക്തമാക്കുമോ; ഭീകരവാദം നേരിടുന്നതിന് പോലീസ് സേനയെ സജ്ജമാക്കാൻ ഊർജ്ജിത നടപടി സ്വീകരിക്കുമോ? | ഇ) മേൽപ്പറഞ്ഞ കേസ്സുകളിലെ പ്രതികൾ പി.എഫ്.ഐ/എസ്.ഡി.പി.ഐ എന്നീ സംഘടനകളിലെ പ്രവർത്തകരാണെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഭീകരവാദത്തെ നേരിടുന്നതിന് സംസ്ഥാന പോലീസ് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിനായി ഒരു പ്രത്യേക യൂണിറ്റും രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.644 — 28-7-2010-ന് മറുപടിക്ക്

**കേന്ദ്രാവിഷ്കൃത പദ്ധതിയിലെ ജൻറം, യൂഡിസ്മാറ്റ്, സുസ്ഥിര നഗരവികസന പദ്ധതി എന്നിവയുടെ നടത്തിപ്പ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.എ.പി.അനിൽകുമാർ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ | ശ്രീ.പാലോളി മുഹമ്മദ്കുട്ടി.<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ നഗരസഭകൾ വഴി കേന്ദ്രാവിഷ്കൃത പദ്ധതികളായ ജൻറം, യൂഡിസ്മാറ്റ്, സുസ്ഥിര നഗരസവികസന പദ്ധതി എന്നിവയിലൂടെ എത്ര കോടി രൂപയാണ് ഇതുവരെ ചെലവഴിച്ചത് എന്ന് വെളിപ്പെടുത്തുമോ; | എ) ജൻറം, യൂഡിസ്മാറ്റ്, സുസ്ഥിര നഗരസവികസന പദ്ധതി എന്നിവയ്ക്കായി നാളിതുവരെ 405.82 കോടി രൂപ ചെലവഴിച്ചിട്ടുണ്ട് |
| ബി) ഈ പദ്ധതികൾ നടപ്പിലാക്കിയ ശേഷം ഇതുവരെ ഓരോ പദ്ധതിയിലൂടെയും എന്തു കേന്ദ്ര സഹായം വീതമാണ് അനുവദിച്ചത് എന്നതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ; | ബി) സുസ്ഥിര നഗരവികസന പദ്ധതി എ.ഡി.ബി. ധനസഹായത്തോടെയുള്ള പദ്ധതിയായതിനാൽ ഇതിൽ കേന്ദ്ര സഹായം വരുന്നില്ല. യു.ഐ.ഡി. എസ്. എസ്.എം.ടി. പദ്ധതിയിലൂടെ ഇതുവരെ കേന്ദ്രസഹായമായി 173.41 കോടി രൂപ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്<br><br>ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയിലൂടെ ഇതുവരെ കേന്ദ്രസഹായമായി 205.35 കോടി രൂപ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട് |
| സി) ഈ കാലയളവിൽ ഇവ ഓരോന്നിനായും ഇതുവരെ എന്തു തുക വീതം ചെലവിട്ടു എന്ന് വെളിപ്പെടുത്തുമോ; | സി) കെ.എസ് യു.ഡി.പി. പദ്ധതിയിൽ നാളിതുവരെ 220.31 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ജെ.എൻ.എൻ.യു. ആർ.എം. പദ്ധതിക്കായി നാളിതുവരെ |

144.09 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. യു.ഐ.ഡി.എസ്.എസ്.എം.ടി പദ്ധതിക്ക് നാളിതുവരെ 41.42 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**ഡി) ഈ പദ്ധതികൾക്കായി എത്ര കോടി രൂപയാണ് കേന്ദ്ര സഹായത്തിനു പുറമേ അധിക ചെലവിനായി സംസ്ഥാന സർക്കാർ വഹിക്കേണ്ടിയിരുന്നത്;**

ഡി) കെ.എസ്.യു.ഡി.പി. പദ്ധതിക്ക് ഇത് ബാധകമല്ല. യു.ഐ.ഡി.എസ്.എസ്.എം.ടി., ജെ.എൻ.എൻ.യു.ആർ.എം. പദ്ധതികൾ 100 ശതമാനം കേന്ദ്ര സഹായമുള്ള പദ്ധതികളല്ല. യു.ഐ.ഡി.എസ്.എസ്.എം.ടി. പദ്ധതിയിൽ 80 ശതമാനം കേന്ദ്ര വിഹിതവും 10 ശതമാനം സംസ്ഥാന വിഹിതവും 10 ശതമാനം നഗരസഭാ വിഹിതവുമാണ്. ഈ പദ്ധതിക്ക് വേണ്ടി ലഭിക്കുന്ന കേന്ദ്ര വിഹിതത്തിന് പുറമേ സംസ്ഥാന വിഹിതമായി 42.58 കോടി രൂപകൂടി ചെലവഴിക്കേണ്ടതുണ്ട്.

**JNNURM** പദ്ധതി പ്രകാരം തിരുവനന്തപുരം നഗരസഭയുടെ കേന്ദ്രവിഹിതം 80%വും, സംസ്ഥാന, നഗരസഭാ വിഹിതങ്ങൾ 10%വും ആണ്. കൊച്ചി നഗരസഭയുടെ കേന്ദ്ര വിഹിതം 50%വും സംസ്ഥാനവിഹിതം 30%വും നഗരസഭാ വിഹിതം 20%വും ആണ്. ഈ പദ്ധതിക്കുവേണ്ടി 230.98 കോടി രൂപയാണ് സംസ്ഥാനവിഹിതമായി ചെലവഴിക്കേണ്ടതായിട്ടുള്ളത്.

എന്നാൽ **UIDSSMT, JNNURM** പദ്ധതികൾക്ക് അംഗീകരിച്ച പദ്ധതി തുകയിൽ നിന്നും അധികരിച്ചു വരുന്ന തുകയ്ക്ക് കേന്ദ്രസഹായം ലഭിക്കുന്നതല്ല. ആയതിനാൽ പദ്ധതികൾ ടെണ്ടർ ചെയ്യുമ്പോഴുണ്ടാകുന്ന അധിക ടെണ്ടർ തുകയും കാലാകാലങ്ങളിൽ ഷെഡ്യൂൾ നിരക്കിലുണ്ടാകുന്ന

| | | | |
|---|---|---|---|
| | | | വർദ്ധനവുമൂലം ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യതയും ഭൂമി ഏറ്റെടുക്കലിന് വേണ്ടി വരുന്ന തുകയും നഗരസഭ/സംസ്ഥാന സർക്കാർ വഹിക്കേണ്ടി വരുന്ന സാഹചര്യം നിലനിൽക്കുന്നു. |
| ഇ) | ഇത്തരത്തിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം ചെലവഴിച്ചിട്ടുണ്ടായിരുന്നുവോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ഇ) | യു.ഐ.ഡി.എസ്.എസ്.എം.ടി. പദ്ധതിയിൽ സംസ്ഥാന വിഹിതമായ 10 ശതമാനം ചെലവഴിച്ചു വരുന്നു. പദ്ധതികൾ ടെണ്ടർ ചെയ്യുമ്പോഴുണ്ടാകുന്ന അധിക ടെണ്ടർ തുകയും കാലാകാലങ്ങളിൽ ഷെഡ്യൂൾ നിരക്കിലുണ്ടാകുന്ന വർദ്ധനവുമൂലം ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യതയും ഭൂമി ഏറ്റെടുക്കലിന് വേണ്ടിവരുന്ന തുകയും നഗരസഭകൾക്ക് വഹിക്കാൻ കഴിയാത്ത സാഹചര്യത്തിൽ നഗരസഭകൾ ആവശ്യപ്പെടുന്നതിനാൽ സംസ്ഥാന ബഡ്ജറ്റിൽ നിന്നും അധിക വിഹിതമായി നൽകുന്ന കാര്യം പരിഗണിച്ചു വരുന്നു. ഇതിലേക്കുള്ള അധിക ബാധ്യത കണക്കാക്കിയിട്ടില്ല.<br>ജെ.എൻ.എൻ.യു.ആർ.എം. പദ്ധതി കാലയളവ് 2005-2012 ആയതിനാൽ പദ്ധതിയുടെ ഭൗതിക പുരോഗതിക്കനുസരിച്ച് കേന്ദ്ര സഹായം അനുവദിക്കുന്നതിനനുസൃതമായി സംസ്ഥാന സർക്കാർ വിഹിതവും ചെലവഴിച്ചു വരികയാണ്. തിരുവനന്തപുരം നഗരസഭയ്ക്ക് സംസ്ഥാന വിഹിതമായ 10 ശതമാനവും കൊച്ചി നഗരസഭയുടെ സംസ്ഥാന വിഹിതമായ 30 ശതമാനവും കേന്ദ്രവിഹിതം ഗഡുക്കളായി അനുവദിക്കുന്നതിന് ആനുപാതികമായി സംസ്ഥാന വിഹിതവും ചെലവഴിക്കുന്നു. പദ്ധതി കാലയളവിനുള്ളിൽ സംസ്ഥാന |

| | | | |
|---|---|---|---|
| | | | സർക്കാർ വിഹിതവും പൂർണ്ണമായും ചെലവഴിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| എഫ്) | ഈ പദ്ധതിക്കായി കേന്ദ്ര സഹായമായി ലഭ്യമായ തുക മുഴുവൻ ചെലവഴിക്കാനാകാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയായിരുന്നു; | എഫ്) | ജെ.എൻ.എൻ.യു.ആർ.എം.ന്റെ കമ്പോണന്റായ യു.ഐ.ഡി.എസ്. എസ്.എം.ടി. പദ്ധതിയുടെ കാലയളവും 2005-2012 ആണ്. ആയതിനാൽ കേന്ദ്ര സഹായമായി ലഭിക്കുന്ന മുഴുവൻ തുകയും പദ്ധതി കാലയളവിനുള്ളിൽ ചെലവഴിച്ചാൽ മതിയാകുന്നതാണ്.<br>ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയുടെ നിർവ്വഹണ കാലയളവ് (2005-2012) പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ തുക മുഴുവനായും ചെലവഴിക്കാനാവാത്ത സാഹചര്യം നിലവിലില്ല. |
| ജി) | ഈ വർഷം ഈ പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കും എന്ന് വെളിപ്പെടുത്തുമോ? | ജി) | സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

കെ.എസ്.യു.ഡി.പി. പദ്ധതിയുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

<u>യു.ഐ.ഡി.എസ്.എസ്.എം.ടി.യുടെ കാര്യത്തിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.</u>

1. പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിലേക്ക് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു), പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റുകൾ (പി.ഐ.യു.), പദ്ധതി നടത്തിപ്പ് വിലയിരുത്തുന്നതിനുള്ള സ്വതന്ത്ര ഏജൻസി (ഐ.ആർ.എം.എ) എന്നിവയുടെ നിയമനത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
2. കൂടുതൽ നഗരസഭകൾ പദ്ധതികളുമായി മുന്നോട്ടുവന്നതിനാൽ കേന്ദ്രവിഹിതം കവിയുകയും നഗരസഭകൾ തയ്യാറാക്കിയ പദ്ധതികൾ എല്ലാം അംഗീകരിച്ചു നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. കേന്ദ്രവിഹിതം വർദ്ധിപ്പിച്ചു നൽകുന്നതിന് ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്.

ജെ.എൻ.എൻ.യു..ആർ.എം. പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ട തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ അതത് നഗരസഭകളുടെ കീഴിൽ പദ്ധതി നിർവ്വഹണ യൂണിറ്റുകൾ (പി.ഐ.യു) പ്രവർത്തിച്ചു വരുന്നു. കൂടാതെ സംസ്ഥാനതലത്തിൽ അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് കോളേജ് ഓഫ് ഇന്ത്യ, ഹൈദരാബാദിന്റെ നേതൃത്വത്തിൽ ഒരു പദ്ധതി അവലോകന യൂണിറ്റും പ്രവർത്തിച്ചു വരുന്നു.
2. കെ.എസ്.യു.ഡി.പി.യെ സംസ്ഥാനതല നോഡൽ ഏജൻസിയായും ചുമതലപ്പെടുത്തിയിട്ടുണ്ട്.
3. ശുദ്ധജല വിതരണ പദ്ധതിയുടെയും സ്വീവറേജ് പദ്ധതിയുടെയും നടത്തിപ്പിനായി കേരളാ വാട്ടർ അതോറിറ്റിയുടെ കീഴിൽ പ്രത്യേക നിർവ്വഹണയൂണിറ്റും പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിയും തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രിയുടെ നേതൃത്വത്തിൽ ഒരു എംപവേർഡ് കമ്മിറ്റിയും സംസ്ഥാനതലത്തിൽ പദ്ധതി നിർവഹണം അവലോകനം ചെയ്യുന്നു.
4. പദ്ധതി നടത്തിപ്പിന് പ്രധാന തടസ്സമായിരുന്ന സ്ഥലം ഏറ്റെടുക്കൽ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനു വേണ്ടി എമർജൻസി ക്ലോസിൽ ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ഭൂമി അടിയന്തിരമായി ഏറ്റെടുക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ഒപ്പ്)
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.645 — 28.07.2010-ൽ മറുപടിക്ക്

ജനകീയാസൂത്രണത്തിന്റെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനു നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.എം.ജെ.ജേക്കബ്<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.ജോർജ്ജ് എം.തോമസ് | | ശ്രീ.പാലോളിമുഹമ്മദുകുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി) |
| (എ) ജനകീയാസൂത്രണത്തിന്റെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനും അതിന് തദ്ദേശസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുമായി ഈ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ; | (എ) | (1)ഒൻപത്, പത്ത് പഞ്ചവത്സര പദ്ധതികളുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ നിലവിലെ പദ്ധതി ആസൂത്രണം, സബ്സിഡി മാനദണ്ഡങ്ങൾ എന്നിവയെ സംബന്ധിക്കുന്ന മാർഗ്ഗരേഖകൾ സമഗ്രമായി പരിഷ്കരിച്ചു.<br>(2)ഭക്ഷ്യോത്പാദന വർദ്ധനവിന് കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.<br>(3)ഇ.എം.എസ്.സമ്പൂർണ്ണ ഭവന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.<br>(4)ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും കാര്യശേഷി വികസനത്തിന് പരിശീലനം നൽകി.<br>(5)തദ്ദേശഭരണസ്ഥാപനങ്ങൾക്ക മാത്രമായി പുതിയ എഞ്ചിനീയറിംഗ് കേഡർ രൂപീകരിച്ചു. |

(6)എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും അക്കൗണ്ടന്റുമാരെ ലഭ്യമാക്കി

(7)ഗ്രാമപഞ്ചായത്തുകളിൽനിന്നും പൊതുജനങ്ങൾക്ക് നൽകേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനും ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പാക്കി.

(ബി) ജനകീയാസൂത്രണം മൂലം പ്രാദേശികസമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ഉണ്ട്. ഉൽപാദനമേഖലയിലും അടിസ്ഥാന സൗകര്യവികസനത്തിലും ഉണ്ടായ പുരോഗതി പ്രാദേശിക സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തിയിട്ടുണ്ട്.

(സി) തദ്ദേശസ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന വിഹിതത്തിൽ എന്തുമാത്രം വർദ്ധനവ് അനുവദിച്ചിട്ടുണ്ട്; പദ്ധതി വിഹിതം ചെലവഴിക്കുന്നതിൽ പുരോഗതി ഉണ്ടായിട്ടുണ്ടോ;

(സി) വിഹിതത്തിൽ ഓരോ വർഷവും 10 ശതമാനംവർദ്ധനവ്വരുത്തിയിട്ടുണ്ട്. പദ്ധതി വിഹിതത്തിന്റെ കഴിഞ്ഞ നാലു വർഷത്തെ ചെലവുകണക്കുകൾ ചുവടെ ചേർക്കുന്നു.

| വർഷം | ചെലവ് (കോടി രൂപ) |
|---|---|
| 2006-07 | 1214.74 |
| 2007-08 | 1377.85 |
| 2008-09 | 1477.04 |
| 2009-10 | 1748.62 |

| | | |
|---|---|---|
| (ഡി) | തനത് വരുമാനം കുറവുള്ള തദ്ദേശസ്ഥാപനങ്ങൾക്ക് പ്രത്യേക സഹായം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) ഗ്രാമപഞ്ചായത്തുകൾക്ക് വികസന ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ തനത് വരുമാനത്തിലെ കുറവിന് 10 ശതമാനം വെയിറ്റേജ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ-- പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.646 28-7-2010- ൽ മറുപടിയ്ക്ക്

## തീരമൈത്രി പദ്ധതി

ചോദ്യം | മറുപടി

ശ്രീ. എ. എം. ആരിഫ്:
ശ്രീ. ആനത്തലവട്ടം ആനന്ദൻ
ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി:
ശ്രീ. പി. വിശ്വൻ:

ശ്രീ. എസ്. ശർമ്മ:
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി):

| | |
|---|---|
| (എ) സുനാമി ദുരിതബാധിതർക്കായി ആവിഷ്ക്കരിച്ച തീരമൈത്രി പദ്ധതിയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) സുനാമി ദുരിത ബാധിതർക്കായി ആവിഷ്ക്കരിച്ച തീരമൈത്രി പദ്ധതിയുടെ പ്രവർത്തനം സർക്കാർ സമയാസമയങ്ങളിൽ വിലയിരുത്തിയിട്ടുണ്ട്. |
| (ബി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ബി) തീരദേശ ജനങ്ങളുടെ ജീവിത പുരോഗതിക്കും വരുമാന വർദ്ധനവിനുമായി കൂട്ടായ്മയിലൂന്നിയ ഒരു സമഗ്ര പദ്ധതിയാണ് "തീരമൈത്രി " എന്ന പൊതു നാമധേയത്തിൽ ഫിഷറീസ് വകുപ്പിൻെറ ചുമതലയിൽ നടപ്പാക്കി വരുന്നത്. ഏഷ്യൻ ഡെവലപ്മെൻറ് ബാങ്കിൻെറ ധനസഹായത്തോടുകൂടി 45.25 കോടി രൂപയുടെ സുനാമി അടിയന്തിര സഹായ പദ്ധതിയും 23.29 കോടി രൂപയുടെ കേന്ദ്രസഹായത്തോടെ സുനാമി പുനരധിവാസ പദ്ധതിയും പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായത്തോടെ 21.2186 കോടി രൂപയുടെ പദ്ധതികളുമാണ് 9 തീരദേശ ജില്ലകളിലായി നടപ്പാക്കി വരുന്നത്. ഈ മൂന്നു പദ്ധതികളിലുമായി 60 ഓളം ചെറുപദ്ധതികളാണ് വിവിധ സർക്കാർ ഏജൻസികൾ മുഖേന നടപ്പാക്കിവരുന്നത്. ജീവനോപാധി പുന:സ്ഥാപനം, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ, പൊതു സഹായ |

| | |
|---|---|
| | പദ്ധതികൾ (പരിശീലനങ്ങൾ, പ്രചാരണം, വിപണന സൗകര്യം ഒരുക്കൽ, ഇൻഷുറൻസ്) എന്നീ വിഭാഗങ്ങളിലാണ് പ്രസ്തുത പദ്ധതികൾ. മേൽപ്പറഞ്ഞ ചെറുപദ്ധതികളിലൂടെ ഏകദേശം ഒരു ലക്ഷത്തിലധികം കുടുംബങ്ങൾ ഇതിൻെറ നേരിട്ടുള്ള ഗുണഭോക്താക്കളായി മാറുന്നു. മിക്ക പദ്ധതികളിലും വനിതകളാണ് സംരംഭകർ.<br><br>നിർവ്വഹണ ഏജൻസി തലത്തിലും, പ്രോജക്ട് ഇംപ്ളിമെൻേറഷൻ തലത്തിലും, ഗവൺമെൻറ് തലത്തിൽ ഫിഷറീസ് സെക്രട്ടറിയുടെ നേതൃത്വത്തിലും, പ്രോജക്ട് ഡയറക്ടർ തലത്തിലും, ഫിഷറീസ് മന്ത്രിയുടെ നേതൃത്വത്തിലും മേൽ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. ഇതിനു പുറമേ ജില്ലാ കളക്ടർ ചെയർമാൻ ആയിട്ടുള്ള ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയിലും അതാത് ജില്ലകളിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ പുരോഗതി വിലയിരുത്താറുണ്ട്. |
| (സി) സ്ത്രീകളുടെ ആക്റ്റിവിറ്റി ഗ്രൂപ്പുകൾ വഴി ഏതെല്ലാം സംരംഭങ്ങൾക്ക് സഹായം നൽകിയിട്ടുണ്ട്; | (സി) സ്ത്രീകൾ അംഗങ്ങളായിട്ടുള്ള അാക്ടിവിറ്റി ഗ്രൂപ്പുകൾ വഴിയാണ് "തീരമൈത്രി" സംരംഭങ്ങൾ മിക്കതും പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. സ്ത്രീകൾ മാത്രം അംഗങ്ങളായിട്ടുള്ള ആക്ടിവിറ്റി ഗ്രൂപ്പുകൾ വഴി നടപ്പിലാക്കിയ പദ്ധതികളുടെ വിശദീകരണം അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു. |
| (ഡി) മത്സ്യത്തൊഴിലാളി സ്ത്രീകളുടെ വരുമാന വർദ്ധനവ് ലക്ഷ്യമാക്കി ഏതെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; | (ഡി) തീരമൈത്രി പദ്ധതിയുടെ കീഴിൽ പ്രവർത്തനക്ഷമമായിട്ടുള്ള തൊഴിൽ സംരംഭങ്ങൾ മത്സ്യത്തൊഴിലാളി സ്ത്രീകളുടെ വരുമാനവർദ്ധനവു ലക്ഷ്യമാക്കിയാണ് നടപ്പാക്കിയിട്ടുള്ളത്. ഇതുവരെ നടപ്പാക്കിയ പ്രധാന പദ്ധതികളിലെല്ലാം തന്നെ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്. സ്ത്രീകളുടെ പങ്കാളിത്തമുള്ള പദ്ധതികളുടെ വിശദവിവരം അനുബന്ധം 2-ൽ കൊടുത്തിരിക്കുന്നു. |
| (ഇ) മത്സ്യവിഭവങ്ങൾക്ക് പ്രാധാന്യം | (ഇ) മത്സ്യഫെഡ് മുഖേന നടപ്പാക്കിയിട്ടുള്ള |

| | |
|---|---|
| നൽകുന്ന സീഫുഡ് കിച്ചണുകൾ മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനാവശ്യമായ സഹായം നൽകുമോ? | പദ്ധതിയാണ് സീ ഫുഡ് കിച്ചണുകൾ. രുചികരമായ മത്സ്യവിഭവങ്ങൾ വിൽപന നടത്തുന്ന റസ്റ്റോറൻറുകളായ സി ഫുഡ് കിച്ചണുകൾ നടത്തുന്നതിന് തീരദേശത്തെ 10 വനിതകൾ അടങ്ങുന്ന ഗ്രൂപ്പുകൾക്കാണ് ധനസഹായം നൽകിയിട്ടുള്ളത്. യൂണിറ്റൊന്നിന് 5.034 ലക്ഷം രൂപയാണ് ചെലവു വരുന്നത്. ഇതിൽ 4.03 ലക്ഷം രൂപ ടീപ്പിൽ (TEAP) നിന്നുള്ള ധനസഹായവും 75,000 രൂപ ബാങ്ക് ലോണും 25,000/- രൂപ ഗുണഭോക്തൃവിഹിതവുമാണ്.<br>ധനസഹായത്തിനു പുറമെ രുചികരമായ മത്സ്യവിഭവങ്ങൾ തയ്യാറാക്കി വിപണനം നടത്തുന്നതിന് കേന്ദ്ര ഗവൺമെൻറ് സ്ഥാപനമായ ഐ.എഫ്.പി. –യുടെ സഹായത്തോടെ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ കോവളത്തുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെൻറ് ആൻറ് കാറ്ററിംഗ് ടെക്നോളജി വഴിയും ഗുണഭോക്താക്കൾക്ക് ആവശ്യമായ പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്.<br><br>സുനാമി അടിയന്തിര സഹായ പദ്ധതി മുഖേനയാണ് സീ ഫുഡ് കിച്ചൺ പദ്ധതിയ്ക്ക് ധനസഹായം നൽകിയിട്ടുള്ളത്. പ്രസ്തുത പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞതിനാൽ സീ ഫുഡ് കിച്ചൺ യൂണിറ്റുകൾക്ക് വീണ്ടും സാമ്പത്തിക സഹായം ലഭ്യമാക്കുവാൻ പ്രയാസമാണ്. എന്നാൽ "തീരമൈത്രി" മാനേജ്മെൻറ് കൗൺസിലുകളുടെ രൂപീകരണത്തോടെ ഏതെങ്കിലും പദ്ധതികൾക്ക് സഹായം ആവശ്യമെന്നു കണ്ടാൽ ഫിഷറീസ് വകുപ്പിൻെറ 2010-11 ലെ ബഡ്ജറ്റിലെ തീരമൈത്രി പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്ന കാര്യം പിന്നീട് പരിഗണിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 647

28.07.2010-ൽ മറുപടിയ്ക്ക്

## ടൂറിസം ഡെസ്റ്റിനേഷനുകളിലേക്കുള്ള റോഡുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ<br>ശ്രീ. കെ.കെ.ദിവാകരൻ | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| (എ) സംസ്ഥാനത്തെ ടൂറിസം ഡെസ്റ്റിനേഷനുകളിലേക്കുള്ള റോഡുകൾ വികസിപ്പിക്കുന്നത് സംബന്ധിച്ച ബഡ്ജറ്റ് നിർദ്ദേശം വ്യക്തമാക്കുമോ; പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു തുടങ്ങിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | എ) സംസ്ഥാനത്തെ റോഡുകൾ വികസിപ്പിക്കുന്നതിന് 52 കോടി (അൻപത്തിരണ്ടു കോടി) രൂപയുള്ള പദ്ധതി നടപ്പാക്കാനാണ് ബഡ്ജറ്റിൽ നിർദ്ദേശിച്ചത് (2009-10). 17.7.2009-ലെ സ.ഉ (സാധ). നം 5142/2009/ടൂറിസം, 9.12.2009 ലെ സ.ഉ(സാധ)നം.8652/2009/ടൂറിസം എന്നിവ പ്രകാരം 20- റോഡുകളുടെ പ്രവൃത്തി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിവരുന്നു. |
| (ബി) റോഡ് വികസനത്തിനായി എത്ര കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്; | ബി) 857-ലക്ഷം (എണ്ണൂറ്റി അൻപത്തിയേഴു ലക്ഷം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.ഇതിന് പുറമേ പൊതുമരാമത്ത് വകുപ്പ് വഴിയും ടൂറിസം റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) സംസ്ഥാനത്തെ ടൂറിസം ഡെസ്റ്റിനേഷനുകളിലേക്കുള്ള റോഡുകളുടെ വികസനം സമയബന്ധിതമായി നടപ്പാക്കുന്നതിന് എന്തെങ്കിലും കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | സി) ഇല്ല. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടി പ്രവർത്തനം വിലയിരുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 648

28.07.2010-ൽ മറുപടിയ്ക്ക്

## ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ ഫണ്ട് ഉപയോഗിച്ച് പൈതൃക വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.എ.പി.അനിൽകുമാർ<br>ശ്രീ.എൻ.ശക്തൻ<br>ശ്രീ. എം.മുരളി | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും<br>വകുപ്പു മന്ത്രി). |

| | | | |
|---|---|---|---|
| (എ) | ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ ഫണ്ട് ഉപയോഗിച്ച് പൈതൃക വികസനം നടപ്പാക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിരുന്നുവോ; | എ) & ബി) | ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ ഭാഗമായി പ്രമുഖ വ്യാപാരകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നുണ്ട്. അപ്രകാരം മുസിരിസ് പൈതൃക വികസന പദ്ധതിയ്ക്കായി തുക വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | 2009-2010 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ഫണ്ട് ഉപയോഗിച്ച് എന്തൊക്കെ പൈതൃക വികസന സംരംഭങ്ങൾ നടത്താനായി എന്നറിയിക്കുമോ; | | |
| (സി) | കോട്ടപ്പുറം, പറവൂർ, ചേന്ദമംഗലം ചന്തകളുടെ പൈതൃക വികസന പരിപാടിയിൻകീഴിൽ ഇവിടെ എന്തൊക്കെ വികസന പ്രവർത്തനങ്ങൾ നടത്താനായി എന്ന് വിശദമാക്കുമോ; | സി) | ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ ഫണ്ട് ഉപയോഗിച്ച് കോട്ടപ്പുറം ചന്തയുടെ വാട്ടർ ഫ്രണ്ട് ഏര്യ വികസനത്തിനായി 2,69,30,000 രൂപയും (രണ്ടു കോടി അറുപത്തി ഒൻപത് ലക്ഷത്തി മുപ്പതിനായിരം രൂപ) കോട്ടപ്പുറം മാർക്കറ്റിലെ നടപ്പാത, ഡ്രൈവ് വേ എന്നിവയുടെ വികസനത്തിനായി 2,17,50,000/- രൂപയും (രണ്ടു കോടി പതിനേഴ് ലക്ഷത്തി അൻപതിനായിരം രൂപ) ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | ഇതിനായി ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ ഫണ്ടിൽ നിന്നും എന്തു തുക ചെലവായി; | ഡി) | 4,00,00,000/- രൂപ (നാലു കോടി രൂപ) ചെലവഴിച്ചിട്ടുണ്ട്. |
| (ഇ) | ഈ വർഷം പ്രസ്തുത പദ്ധതിയനുസരിച്ച് എന്തൊക്കെ പൈതൃക വികസന പരിപാടികളാണ് ആരംഭിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ; | ഇ) & എഫ്) | ഈ ഫണ്ടുപയോഗിച്ച് ഈ വർഷം പൈതൃക വികസന പരിപാടികൾ ആസൂത്രണം ചെയ്തിട്ടില്ല. |
| (എഫ്) | ഇതിനായി ഈ വർഷം എന്തു തുക പ്രസ്തുത ഫണ്ടിൽ നിന്നും വിനിയോഗിക്കുമെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 649 28-07-2010-ന് വാങ്മൂലം മറുപടിയ്ക്ക്

## വാഹനങ്ങൾ ഉപയോഗപ്പെടുത്തിയുള്ള കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നത് തടയാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. പി. സി. ജോർജ് :<br>ശ്രീ. തോമസ് ചാഴികാടൻ :<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തുള്ള വാഹന വർക്കു ഷോപ്പുകളെ നിരീക്ഷിക്കാൻ നിലവിൽ സർക്കാർ സംവിധാനമുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; | (എ) ഉണ്ട്.<br>വർക്കു ഷോപ്പുകൾ കുറ്റകൃത്യങ്ങൾ നടത്തുന്നതിനുള്ള ഒരു മറയാകാതിരിക്കുന്നതിന് വേണ്ടി സംസ്ഥാനത്തെ എല്ലാ എസ്. എച്ച്. ഒ മാരോടും അവരുടെ അധികാരപരിധിയിൽ വരുന്ന ആട്ടോമൊബൈൽ വർക്ക് ഷോപ്പുകളുടെ പ്രവർത്തനം നിരീക്ഷിക്കണമെന്നും, അവയുടെ വിവരങ്ങൾ അടങ്ങിയ ഒരു ലിസ്റ്റ് സൂക്ഷിക്കണമെന്നും ബന്ധപ്പെട്ട ആട്ടോമൊബൈൽ വർക്ക്ഷോപ്പുകളുടെ ഉടമസ്ഥൻമാരോട് അവരുടെ വർക്ക്ഷോപ്പുകളിൽ സൂക്ഷിച്ചിരിക്കുന്ന വാഹനങ്ങളെ സംബന്ധിച്ച് ഒരു രജിസ്റ്റർ സൂക്ഷിക്കുവാൻ ഉപദേശിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ട് 14-4-2010-ൽ 22/10 നമ്പരായി പോലീസ് ഡയറക്ടർ ജനറൽ സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി ഇതുമായി ബന്ധപ്പെട്ട് എല്ലാ വർക്കു ഷോപ്പ് ഉടമകൾക്കും അറിയിപ്പ് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (ബി) നൽകിയിട്ടുണ്ട് |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും വരുന്ന വാഹന വർക്കുഷോപ്പുകളുടെ വിവരങ്ങൾ അതാത് പോലീസ് സ്റ്റേഷനുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ ; | (സി) | രേഖപ്പെടുത്തിയിട്ടുണ്ട് |
| (ഡി) | വാഹനങ്ങൾ ഉപയോഗപ്പെടുത്തിയിട്ടുള്ള കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരുന്നത് കണക്കിലെടുത്ത്, വാഹന വർക്കുഷോപ്പുകളുടെ നിരീക്ഷണം കർശനമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 650

28.07.2010-ൽ മറുപടിയ്ക്ക്

'സപര്യ' പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പി.അനിൽകുമാർ<br>ശ്രീ.കെ.ബാബു<br>ശ്രീ.എ.എ.ഷുക്കൂർ<br>ശ്രീ. വി.ഡി.സതീശൻ | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| (എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തുന്ന പ്രാദേശിക ടൂറിസം വികസന സാധ്യതകൾ പ്രാവർത്തികമാക്കുന്നതിന് 'സപര്യ' എന്ന പേരിൽ പുതിയ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | എ) ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ഒരു പ്രദേശത്തിന്റെ ടൂറിസം സാധ്യതകൾ കണ്ടെത്തി വികസിപ്പിക്കുവാനും, നടപ്പിലാക്കുവാനും ഉദ്ദേശിച്ചിട്ടുള്ള 'സപര്യ' പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ പത്തനംതിട്ട, കണ്ണൂർ ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ നടപ്പിലാക്കിവരുന്നു. |
| (ബി) പ്രസ്തുത പദ്ധതിയിൻകീഴിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നൽകിയ പദ്ധതികൾക്കായി ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരുന്നുവോ; | ബി) & സി) ഇല്ല. സപര്യ പദ്ധതിയുടെ അവസാന ഘട്ടത്തിൽ മാത്രമേ മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) ഏതൊക്കെ പദ്ധതികളാണ് ഇത്തരത്തിൽ തയ്യാറാക്കിയ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരുന്നത്; | |
| (ഡി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി കേന്ദ്രസർക്കാരിന്റെ ഗ്രാമീണ ടൂറിസം പദ്ധതിയിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ: | ഡി) മാസ്റ്റർപ്ലാൻ തയ്യാറാക്കി കഴിഞ്ഞതിനു ശേഷം കേന്ദ്ര സർക്കാരിന്റെ ഗ്രാമീണ ടൂറിസം പദ്ധതിയിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനാണ് സർക്കാർ ആലോചിക്കുന്നത്. |
| (ഇ) ഈ പദ്ധതിയിൻ കീഴിൽ ഇതുവരെ എത്ര പ്രാദേശിക ടൂറിസം വികസന പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞു എന്ന വിശദ വിവരം ലഭ്യമാക്കുമോ? | ഇ) പ്രസ്തുത പദ്ധതി പ്രാരംഭ ഘട്ടത്തിലാണ് |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ-- പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.651 — 28-7-2010- ൽ മറുപടിയ്ക്ക്

## ഉൾനാടൻ മത്സ്യമേഖലയെ സംരക്ഷിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ

ചോദ്യം — മറുപടി

ശ്രീ. എം. ഹംസ:
ശ്രീ. വി.എൻ. വാസവൻ:
ശ്രീ. രാജു എബ്രഹാം:
ശ്രീ. കെ. കുഞ്ഞിരാമൻ:

ശ്രീ. എസ്. ശർമ്മ:
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി):

| | |
|---|---|
| (എ) സംസ്ഥാനത്തെ ഉൾനാടൻ മത്സ്യമേഖലയെ സംരക്ഷിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) ഉൾനാടൻ മത്സ്യസമ്പത്ത് സംരക്ഷിക്കാൻ ഫിഷറീസ് വകുപ്പ് എല്ലാ ജില്ലകളിലും പൊതു ജലാശയങ്ങളിലും റിസർവോയറുകളിലും അഴിമുഖങ്ങളിലും മത്സ്യ ചെമ്മീൻ വിത്ത് നിക്ഷേപിച്ചു വരുന്നു. ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ഉപജീവന സുരക്ഷ ഉറപ്പാക്കുന്നതിന് പൊതുജലാശയങ്ങളുള്ള എല്ലാ പഞ്ചായത്തുകളിലും ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ ഒരു കോടി മത്സ്യവിത്ത് നിക്ഷേപിക്കുന്ന ഒരു പദ്ധതി അടുത്തമാസം ഒരു പ്രത്യേക ദിനത്തിൽ നടപ്പാക്കുന്നതാണ്. ഊന്നിവല/ചീനവല നിയന്ത്രണം, ബാക്ക് വാട്ടർ പട്രോളിംഗ്, അനധികൃത മത്സ്യബന്ധനം തടയൽ തുടങ്ങിയവയിലൂടെ മത്സ്യ സമ്പത്തിനുണ്ടാകുന്ന ക്രമാതീതമായ ചൂഷണം നിയന്ത്രിക്കുന്നു. മത്സ്യങ്ങളുടെ ആവാസ കേന്ദ്രമായ കണ്ടൽക്കാടുകൾ വച്ചു പിടിപ്പിക്കുന്നു. ശാസ്താംകോട്ട, പെരിയാർ, ഇരിട്ടി എന്നിവിടങ്ങളിൽ മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കുന്ന പദ്ധതി ഫിർമ വഴി നടപ്പിലാക്കി വരുന്നു. ഉൾനാടൻ മത്സ്യോല്പാദനം നിലവിലുള്ള 0.75 ലക്ഷം ടണ്ണിൽ നിന്ന് 2 ലക്ഷം ടണ്ണായി വർദ്ധിപ്പിക്കുന്നതിന് 10,000 ഹെക്ടർ പ്രദേശങ്ങളിൽ മത്സ്യകേരളം പദ്ധതി നടപ്പിലാക്കുന്നു. കഴിഞ്ഞ രണ്ടു വർഷക്കാലത്തെ പ്രവർത്തനഫലമായി ഉൾനാടൻ |

| | |
|---|---|
| | മത്സ്യോല്പാദനം 1.26 ലക്ഷം ടൺ ആയി വർദ്ധിച്ചു. പൊതു ജലാശയങ്ങൾ മത്സ്യകൃഷിയ്ക്ക് മത്സ്യത്തൊഴിലാളി സംഘങ്ങൾക്ക് ലഭ്യമാക്കുന്നതിന് ഉതകുന്ന വിധത്തിലുള്ള ഒരു ലീസിംഗ് പോളിസിക്ക് രൂപം നല്കുന്നതിന് സർക്കാർ ഡോ. എം.എൻ. കുട്ടി അദ്ധ്യക്ഷനായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. ഉൾനാടൻ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ഏകീകൃത ഉൾനാടൻ മത്സ്യബന്ധന ബിൽ നിയമസഭയിൽ അവതരിപ്പിച്ച് നിയമമാക്കാനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| (ബി) വംശനാശം നേരിടുന്ന മത്സ്യ ഇനങ്ങളെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) വംശനാശം നേരിടുന്ന മഹസീർ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് നദികളിലും തടാകങ്ങളിലും നിക്ഷേപിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ വയനാട് പൂക്കോട് തടാകത്തിൽ ഒരു മഹസീർ ഹാച്ചറി ഫിർമയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നു. |
| (സി) ചെറുതും വലുതുമായ ജലാശയങ്ങളിൽ വളർത്തുന്നതിനായി നല്ല ഇനം മത്സ്യക്കുഞ്ഞുങ്ങളെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) ചെറുതും വലുതുമായ ജലാശയങ്ങൾ ഉൾപ്പെടെ കേരളത്തിലെ ലഭ്യമായ ജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്തി മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുകയെന്ന ഉദ്ദേശത്തോടെ മത്സ്യകേരളം പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം ഇപ്പോൾ തന്നെ 530 ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളെയും 61250 കരിമീൻ കുഞ്ഞുങ്ങളെയും 13825 തിരുത കുഞ്ഞുങ്ങളെയും 173 ലക്ഷം ശുദ്ധജല മത്സ്യ/ആറ്റുകൊഞ്ച് കുഞ്ഞുങ്ങളെയും മത്സ്യകർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം മത്സ്യ കർഷകർക്ക് 532.6 ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളെയും വിതരണം നടത്തി. തുടർന്നും നല്ല ഇനം മത്സ്യ കുഞ്ഞുങ്ങളെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട**
**ചോദ്യം നമ്പർ: 652**

**28.07.2010-ൽ മറുപടിയ്ക്ക്**

'വെസൽട്രാക്കിംഗ്' പദ്ധതി

ചോദ്യം

മറുപടി

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

ശ്രീ.പി.സി. ജോർജ്
ശ്രീ.റോഷി അഗസ്റ്റിൻ
ശ്രീ. ജോസഫ് എം.പുതുശ്ശേരി
ശ്രീ. തോമസ് ചാഴികാടൻ

| | |
|---|---|
| എ) സംസ്ഥാനത്ത് 'വെസൽട്രാക്കിംഗ്' പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ചുള്ള നടപടി ഏതുഘട്ടം വരെയായി; | എ) കേരള സർക്കാർ, നൂതന പദ്ധതിയായ 'വെസ്സൽ ട്രാക്കിംഗ് സിസ്റ്റം' തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ 100 മെക്കനൈസ്ഡ് മത്സ്യബന്ധന യാനങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിന് പൈലറ്റ് പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ആയത് കേന്ദ്ര സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സഹായമുണ്ടോയെന്ന് വ്യക്തമാക്കുമോ; | ബി) ഉണ്ട്. |
| സി) പദ്ധതിയുടെ നടത്തിപ്പിന് ആകെ എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നു; | സി) പൈലറ്റ് പദ്ധതിയ്ക്ക് 65 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. |
| ഡി) ഈ പദ്ധതി മത്സ്യത്തൊഴിലാളി സമൂഹത്തിന് എത്രത്തോളം ഗുണപ്രദമാകുമെന്ന് വ്യക്തമാക്കുമോ; | ഡി) കടൽവഴിയുള്ള ഭീകര പ്രവർത്തനങ്ങളും മറ്റ് വിധ്വംസക പ്രവർത്തനങ്ങളും നിയന്ത്രിക്കുന്നതിനും കണ്ടുപിടിക്കുന്നതിനും പ്രസ്തുത പദ്ധതി പ്രയോജനപ്പെടുന്നതാണ്. കടലിൽ അസാധാരണമായി എന്തെങ്കിലും സംഭവങ്ങൾ കാണുമ്പോൾ ടി യന്ത്രം ഘടിപ്പിച്ചുള്ള യാനങ്ങൾക്ക് കരയിലേയ്ക്കും അതുവഴി സുരക്ഷാ ഏജൻസികളെയും വിവരം അറിയിക്കാനും അനന്തര നടപടികൾ സ്വീകരിക്കാനും കഴിയും. കൂടാതെ വെസ്സൽ ട്രാക്കിംഗ് സിസ്റ്റം ഘടിപ്പിച്ചുള്ള യാനങ്ങൾ കടലിൽ എവിടെയാണ് എന്ന് ബേസ് സ്റ്റേഷനിൽ നിന്നുകൊണ്ട് മനസ്സിലാക്കുവാൻ സാധിക്കും. മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥ മുന്നറിയിപ്പ്, മത്സ്യലഭ്യതയുടെ വിവരങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും രാജ്യാന്തര അതിർത്തി കടക്കുമ്പോൾ മത്സ്യത്തൊഴിലാളികൾക്ക് മുന്നറിയിപ്പ് നല്കുന്നതിനും, സാറ്റ്ലൈറ്റിന്റെ സഹായത്തോടുകൂടിയുള്ള ഈ സംവിധാനം വളരെയേറെ പ്രയോജനപ്പെടുന്നതാണ്. |
| ഇ) 'വെസൽട്രാക്കിംഗ്' പദ്ധതി എന്നു യാഥാർത്ഥ്യമാകുമെന്ന് അറിയിക്കുമോ? | ഇ) ഈ വർഷം തന്നെ ഈ പദ്ധതി പൂർത്തികരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.653** **28-7-2010-ന് മറുപടിക്ക്**

**ഗാർഹിക മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. കുഞ്ഞിരാമൻ<br>ശ്രീ.എ.എം.യുസഫ്<br>ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ.വി.ശശികുമാർ | ശ്രീ.പാലോളി മുഹമ്മദ്കുട്ടി,<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |

എ) പരിസര മലിനീകരണം തടയുന്നതിനും, പാചകവാതക ദൗർലഭ്യം പരിഹരിക്കുന്നതിനും ഗാർഹികമാലിന്യ നിർമ്മാർജ്ജന പ്ലാന്റുകളുടെ വ്യാപനം ആവശ്യമാണെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

എ) ഉണ്ട്.

ബി) സംസ്ഥാനത്ത് എത്ര ഗാർഹിക മാലിന്യ പ്ലാന്റുകൾ ഇപ്പോൾ ഉണ്ട്; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

ബി) കൃത്യമായ കണക്ക് ലഭ്യമല്ല. എന്നിരുന്നാലും കൃഷി വകുപ്പിൽ നിന്നും ജില്ലാ ശുചിത്വ സമിതികളിൽ നിന്നും ശേഖരിച്ച കണക്കനുസരിച്ച് സംസ്ഥാനത്ത് സബ്സിഡി നൽകി സ്ഥാപിച്ചിട്ടുള്ള 11,717 ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ ഉണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | ബയോഗ്യാസ് പ്ലാന്റുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 225 |
| 2 | കൊല്ലം | 195 |
| 3 | പത്തനംതിട്ട | 196 |
| 4 | ആലപ്പുഴ | 62 |
| 5 | കോട്ടയം | 285 |
| 6 | ഇടുക്കി | 7206 |
| 7 | എറണാകുളം | 936 |
| 8 | തൃശ്ശൂർ | 196 |
| 9 | പാലക്കാട് | 238 |
| 10 | കോഴിക്കോട് | 131 |
| 11 | മലപ്പുറം | 257 |

| | | |
|---|---|---|
| 12 | വയനാട് | 130 |
| 13 | കണ്ണൂർ | 1510 |
| 14 | കാസർകോട് | 150 |
| | ആകെ | 11,717 |

ഇത് കൂടാതെ സ്വകാര്യ വ്യക്തികൾ സ്വന്തമായി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന ബയോഗ്യാസ് പ്ലാന്റുകളുമുണ്ട്.

സി) ഏതെങ്കിലും സർക്കാർ ഏജൻസികൾ ഗാർഹിക മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ നിർമ്മിച്ച് നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

സി) ഇല്ല. ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിച്ചുനൽകി വരുന്നത് സർക്കാരിതര സംഘടനകളും, സ്വകാര്യ ഏജൻസികളുമാണ്. അനർട്ട്, കൃഷിഭവൻ, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ്, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സേവനം നൽകി വരുന്നുണ്ടെങ്കിലും ഇവ നേരിട്ട് നിർമ്മിക്കുന്നില്ല.

ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി കൂടുതൽ പ്ലാന്റുകൾ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഡി) സ്വീകരിച്ചിട്ടുണ്ട്. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നത് പ്രോൽസാഹിപ്പിക്കുന്നതിനായി സബ്സിഡി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ലഭ്യമാക്കിവരുന്നു. ഇവ സ്ഥാപിക്കാനായി സേവനം നൽകുന്നതിന് അക്രഡിറ്റഡ് ഏജൻസികളുടെയും അംഗീകൃത സർവ്വീസ് പ്രൊവൈഡർമാരുടെയും സേവനം ഉപയോഗപ്പെടുത്തി വരുന്നു. മാലിന്യ മുക്ത കേരളം പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഒരു വാർഡ് മാലിന്യ മുക്തമാകുന്നതിന് വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ ഉൾപ്പെടെയുള്ള മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്താൻ പ്രോൽസാഹനം നൽകിവരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 654 | 28-7-2010 ൽ മറുപടിക്ക്

## കിറ്റ്സിൽ ഗൈഡ് ട്രെയിനിംഗ് കോഴ്സ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. ശെൽവരാജ്:<br>ശ്രീ. എസ്. രാജേന്ദ്രൻ:<br>ശ്രീ. പി. കൃഷ്ണപ്രസാദ്:<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ടൂറിസം കേന്ദ്രങ്ങളിൽ പരിശീലനം സിദ്ധിച്ച ടൂറിസ്റ്റ് ഗൈഡുകളുടെ ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) സ്വീകരിച്ചിട്ടുണ്ട്. |
| സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിറ്റ്സിൽ ഗൈഡ് ട്രെയിനിംഗ് കോഴ്സ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | സി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിറ്റ്സിന്റെ നേതൃത്വത്തിൽ ഗൈഡ് ട്രെയിനിംഗ് ഉൾപ്പെടെ നിരവധി കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. കിറ്റ്സിന്റെ തലശ്ശേരി കേന്ദ്രത്തിൽ 10 പേർക്കും ആലപ്പുഴ കേന്ദ്രത്തിൽ 18 പേർക്കും ഉൾപ്പെടെ ആകെ 28 പേർക്ക് പരിശീലനം നൽകുകയും, പരിശീലനം നൽകിയ ഗൈഡുകൾക്ക് ടൂറിസം വകുപ്പിന്റെ ഗൈഡ് ലൈസൻസ് വിതരണം ചെയ്തിട്ടുമുണ്ട്. |
| ഡി) കിറ്റ്സിലെ ഗൈഡ് ട്രെയിനിംഗ് കോഴ്സ് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദീകരിക്കുമോ; | ഡി) കേന്ദ്ര ഗവൺമെന്റ് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് കിറ്റ്സ് വഴി ലോക്കൽ ഗൈഡുകൾക്കുള്ള ട്രെയിനിംഗ് പരിപാടി നടത്തിയിട്ടുണ്ട്. ലോക്കൽ ഗൈഡുകൾക്കുള്ള ട്രെയിനിംഗിന്റെ കുറഞ്ഞ യോഗ്യതകൾ ഹൈസ്കൂൾ വിദ്യാഭ്യാസമോ തത്തുല്യ യോഗ്യതയോ ആണ്. |

അപേക്ഷകന് കുറഞ്ഞത് 20 വയസ്സ് പൂർത്തിയായിരിക്കണം എന്ന നിബന്ധനയും ഇപ്പോൾ നിലവിലുണ്ട്. താരതമ്യേന അറിയപ്പെടാത്ത ടൂറിസം ഡെസ്റ്റിനേഷനുകളിലോ, ടൂർ ഓപ്പറേറ്റർ മാരുടെ പ്രവർത്തനം കുറഞ്ഞ ഡെസ്റ്റിനേഷനുകളിലോ സേവനം നൽകാനാണ് പ്രധാനമായും ലോക്കൽ ഗൈഡുകളെ വിന്യസിക്കുന്നത്. ഇത്തരം സ്ഥലങ്ങളിൽ തൊഴിൽ സാധ്യതകൾ വ്യാപിപ്പിക്കുവാനും ഇതുമൂലം കഴിയും. ഇക്കാര്യത്തിൽ കേരള സർക്കാർ പുറപ്പെടുവിച്ചിട്ടുളള ഉത്തരവുകളുടെ പകർപ്പുകളും അനുബന്ധം I, II ആയി ചേർത്തിരിക്കുന്നു. കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുളള മാർഗ്ഗ നിർദ്ദേശങ്ങൾ അനുബന്ധം III ആയി ചേർത്തിരിക്കുന്നു.

ഇ) ഇവിടെ ആരംഭിക്കുന്ന ഗൈഡ് ട്രെയിനിംഗ് കോഴ്സ് പ്രകാരം എത്ര ചെറുപ്പക്കാർക്ക് ടൂറിസം മേഖലയിൽ തൊഴിൽ സാദ്ധ്യത ഉറപ്പുവരുത്താൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഇ) ടൂറിസം മേഖലയിൽ മാനവശേഷി വികസനത്തിന് മുന്തിയ പരിഗണനയാണ് സർക്കാർ നൽകിവരുന്നത്. ടൂറിസം വ്യവസായം നേരിടുന്ന പ്രധാന വെല്ലുവിളി ഈ മേഖലയിൽ ആവശ്യമായ മാനവശേഷി ഇനിയും കൈവരിച്ചിട്ടില്ല എന്നുളളതുതന്നെയാണ്. കിറ്റ്സ് നടത്തിയ ലോക്കൽ ട്രെയിനിംഗ് കോഴ്സ് പ്രകാരം ഇതിനോടകം 28പേർ പരിശീലനം പൂർത്തിയാക്കുകയും അവർക്ക് ലൈസൻസുകൾ നൽകിയിട്ടുമുണ്ട്. ടൂറിസം മേഖലയിൽ ഉയർന്നുവരുന്ന തൊഴിൽ സാദ്ധ്യതകൾ കണക്കിലെടുത്ത് ഇത്തരത്തിലുളള പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നതുവഴി യുവാക്കൾക്ക് തൊഴിൽ, ഈ മേഖലയിൽ ഉറപ്പുവരുത്താൻ സാധിക്കും.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 655 — 28.07.2010-ൽ മറുപടിയ്ക്ക്

സി.ഫോം രജിസ് ട്രേഷൻ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോസഫ് എം.പുതുശ്ശേരി<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി.ജോർജ്ജ്<br>ശ്രീ. തോമസ് ചാഴികാടൻ | | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). | |
| (എ) | സംസ്ഥാനത്ത് ടൂറിസം, പോലീസ് വകുപ്പുകൾ സംയുക്തമായി നടപ്പാക്കുന്ന ഓൺലൈൻ സി.ഫോം രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ എന്നുമുതലാണ് ആരംഭിച്ചത്; | എ) | 2010 ഏപ്രിൽ ഒന്നു മുതൽ . |
| (ബി) | പ്രസ്തുത ശൃംഖലയിൽ എത്ര ഹോട്ടലുകളെ ബന്ധിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) | നിലവിൽ 375 സ്ഥാപനങ്ങളാണ് ഓൺലൈൻ സംവിധാനത്തിലൂടെ ഫോം.സി. സമർപ്പിച്ചു തുടങ്ങിയിട്ടുള്ളത്. |
| (സി) | ഇതിൽ ഉൾപ്പെടാത്ത എത്ര ഹോട്ടലുകൾ ഉണ്ട്; | സി) | എല്ലാ ഹോട്ടലുകളെയും ഇതിനായി തയ്യാറാക്കിയ വിവര ശേഖരത്തിൽ ഉൾപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. പുതുതായി തുടങ്ങിയ സ്ഥാപനങ്ങൾക്കും, വിട്ടു പോയിട്ടുള്ള സ്ഥാപനങ്ങൾക്കും ഓൺലൈനായി തന്നെ രജിസ്ട്രേഷൻ ചെയ്യുന്നതിനുള്ള സൗകര്യം ചെയ്തിട്ടുണ്ട്. |
| (ഡി) | ഓൺലൈൻ സി.ഫോം രജിസ്ട്രേഷൻ ഏർപ്പെടുത്തിയതിനുശഷം ഇതിന്റെ കാര്യക്ഷമത സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | ഡി) | ഉണ്ട്. ടൂറിസം വകുപ്പും ആഭ്യന്തരവകുപ്പും ചേർന്ന് നടപ്പാക്കിയ ഈ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്നാണ് വ്യക്തമായിട്ടുള്ളത്. ദിനംപ്രതി കൂടുതൽ സ്ഥാപനങ്ങൾ ഈ സംവിധാനത്തിലേക്ക് വരുന്നുണ്ട്. |
| (ഇ) | സംസ്ഥാനത്തെ മുഴുവൻ ഹോട്ടലുകളെയും പ്രസ്തുത സംവിധാനത്തിൻ കീഴിൽ കൊണ്ടുവരുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | ഇ) | ടൂറിസം വകുപ്പും ആഭ്യന്തര വകുപ്പും ചേർന്ന് എല്ലാ ജില്ലകളിലെയും പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വെച്ച് സ്ഥാപന ഉടമകൾക്കായി ഫോം.സി സമർപ്പണവുമായി ബന്ധപ്പെട്ട ശിൽപശാല സംഘടിപ്പിക്കുയുണ്ടായി. കൂടാതെ ടൂറിസം വകുപ്പ് നടത്തുന്ന മറ്റു പരിശീലന പരിപാടികളിലും ഫോം.സിയുടെ ഓൺലൈനിലൂടെയുള്ള സമർപ്പണം പ്രത്യേക വിഷയമാക്കുകയും ചെയ്തിട്ടുണ്ട്. അച്ചടി മാധ്യമങ്ങളിൽ നൽകുന്ന പരസ്യങ്ങളിലൂടെയും മുഴുവൻ സ്ഥാപനങ്ങളെയും ഈ സംവിധാനത്തിൻ കീഴിൽ കൊണ്ടു വരുന്നതിനു നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട**
**ചോദ്യം നമ്പർ: 656**

**28.07.2010-ൽ മറുപടിയ്ക്ക്**

## ഫിഷ് ലാന്റിംഗ് സെന്ററുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എ. വാഹിദ്<br>ശ്രീ.എ.എ. ഷുക്കൂർ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ടി.എൻ. പ്രതാപൻ | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ മത്സ്യമേഖലയുടെ വികസനത്തിനായി തീരദേശ വികസന കോർപ്പറേഷൻ 2009-10 കാലയളവിൽ എവിടെയൊക്കെ ഫിഷ് ലാന്റിംഗ് സെന്ററുകൾ പണിയുന്നതിനാണ് തീരുമാനിച്ചിരുന്നത്; | എ) 2009-2010 കാലയളവിൽ സമഗ്ര തീരദേശ വികസന പദ്ധതിയുടെ കീഴിൽ തൃശ്ശൂർ ജില്ലയിൽ ചാവക്കാട് മുനിസിപ്പാലിറ്റിയിൽ പുത്തൻകടപ്പുറം, ബ്ലാങ്ങാട് എന്നിവിടങ്ങളിലാണ് കോർപ്പറേഷൻ മുഖേന ഫിഷ് ലാന്റിംഗ് സെന്ററുകൾ പണിയുന്നത്. |
| ബി) ഇതിനായി ആകെ എന്തു തുക ചെലവാക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിരുന്നത്; | ബി) ചാവക്കാട് മുനിസിപ്പാലിറ്റിയിൽ പുത്തൻ കടപ്പുറം, ബ്ലാങ്ങാട് എന്നിവിടങ്ങളിൽ ഫിഷ് ലാന്റിംഗ് സെന്ററുകൾ പണിയുന്നതിന് ഓരോ ഫിഷ് ലാന്റിംഗ് സെന്ററിനും 14.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| സി) ഈ കാലയളവിൽ എവിടെയൊക്കെ ഇത്തരം ഫിഷ് ലാന്റിംഗ് സെന്ററുകളുടെ പണി തുടങ്ങാനായി; | സി) ഫിഷ് ലാന്റിംഗ് സെന്ററുകളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴി പൂർത്തീകരിച്ചുവരുന്നു. |
| ഡി) ഇവയിൽ എത്ര സെന്ററുകളുടെ പണി പൂർത്തിയാക്കാൻ കഴിഞ്ഞു; | ഡി) ബാധകമല്ല |
| ഇ) ഈ വർഷം ഇവയിൽ എന്തൊക്കെ പണികൾ പൂർത്തിയാക്കും എന്നറിയിക്കുമോ? | ഇ) രണ്ട് ഫിഷ് ലാന്റിംഗ് സെന്ററുകളുടെ പണികളും 2010-11 സാമ്പത്തിക വർഷം പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 657 28.07.10 - ൽ മറുപടിയ്ക്ക്

അട്ടപ്പാടി പരിസ്ഥിതി പുനഃസ്ഥാപന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീമതി കെ.എസ്.സലീഖ<br>ശ്രീ.എം. ചന്ദ്രൻ<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ | | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(ബഹു: തദ്ദേശ സ്വയം ഭരണവും ഗ്രാമ വികസനവും വകുപ്പ് മന്ത്രി.) |
| (എ) | അട്ടപ്പാടി പരിസ്ഥിതി പുനഃസ്ഥാപന പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | (എ) | അട്ടപ്പാടിയുടെ നാശോൻമുഖമായ പരിസ്ഥിതിയുടെ പുനരുജ്ജീവനവും തദ്ദേശീയ ജനതയുടെ സുസ്ഥിര ജീവനോപാധി വികസനവും ലക്ഷ്യം വെച്ചുകൊണ്ട് 1996 ൽ സർക്കാർ ഉത്തരവ് നം.42/95/ആർ.ഡി.ഡി തീയതി 30.10.1995 പ്രകാരം ആരംഭിച്ച പദ്ധതിയാണ് അട്ടപ്പാടി പരിസ്ഥിതി പുനഃസ്ഥാപന പദ്ധതി. ജപ്പാൻ ബാങ്ക് ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന പദ്ധതിയുടെ അടങ്കൽ തുക 219.31 കോടി രൂപയാണ് അട്ടപ്പാടിയുടെ പരിസ്ഥിതി പുനഃസ്ഥാപിക്കുക, ഭാവിയിൽ ഉണ്ടായേക്കാവുന്ന പരിസ്ഥിതി നാശം തടയുക, ജനപങ്കാളിത്തത്തിലധിഷ്ഠിതമായ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾക്ക് അനുകരണീയമായ മാതൃകകൾ വികസിപ്പിക്കുക, അട്ടപ്പാടിയുടെ പരിസ്ഥിതിയ്ക്ക് ഇണങ്ങുന്ന സുസ്ഥിര ജീവനോപാധികൾ തദ്ദേശ സമൂഹത്തിന് വേണ്ടി (പ്രത്യേകിച്ചും ആദിവാസി വിഭാഗങ്ങൾക്ക്) ആവിഷ്കരിച്ച് നടപ്പിലാക്കുക എന്നിവയാണ് ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (ബി) | പദ്ധതിമൂലം കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്തെല്ലാമാണ്; | (ബി) | പദ്ധതി നടപ്പിലാക്കിയതിലൂടെ താഴെ കൊടുത്തിരിക്കുന്ന നേട്ടങ്ങൾ കൈവന്നിട്ടുണ്ട്.<br>(1) മണ്ണ് ജലസംരക്ഷണം, വനവൽക്കരണം, എന്നിവ മുഖേന തരിശായി കിടന്ന |

അട്ടപ്പാടിയിലെ മൊട്ടക്കുന്നുകൾ പച്ചപിടിക്കുകയും 12,000 ഹെക്ടർ പ്രദേശത്ത് വനവൽക്കരണ പ്രവർത്തനങ്ങൾ നടത്താനും ഇവ സംരക്ഷിക്കാനും കഴിഞ്ഞു.

(2) വറ്റിത്തുടങ്ങിയ പല ഉറവകളും പുനർജനിച്ചിട്ടുണ്ട്.

(3) പട്ടിണിമരണങ്ങൾ, ബാലവേല തൊഴിൽദേശാടനം എന്നിവ പാടെ ഇല്ലാതാക്കി.

(4) ആരോഗ്യമേഖലയിൽ വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ, അസംഖ്യം മെഡിക്കൽ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(5) അഗളി പ്രഥമിക ആരോഗ്യ കേന്ദ്രത്തിന് 40 കിടക്കകളുള്ള ആശുപത്രി കെട്ടിടം നിർമ്മിച്ച് നൽകിയിട്ടുണ്ട്.

(6) കോട്ടത്തറയിൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിക്കും പുതൂരിലെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനും ആധുനിക ചികിത്സോപകരണങ്ങൾ, ഔഷധങ്ങൾ എന്നിവ നൽകിയിട്ടുണ്ട്.

(7) പദ്ധതി പ്രവർത്തനഫലമായി ആദിവാസി സമൂഹത്തിന്റെ ഭൗതിക നേട്ടങ്ങൾ മെച്ചപ്പെട്ടതിനാൽ പോഷകാഹാരക്കുറവുമൂലം ഉണ്ടാകുന്ന അനീമിയ തുടങ്ങിയ രോഗങ്ങൾക്ക് അറുതി വന്നിട്ടുണ്ട്.

(8) മദ്യം മയക്കുമരുന്ന് ഉപയോഗം കൊണ്ട് ആദിവാസികളിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ വിവിധ ബോധവൽകരണ പ്രവർത്തനങ്ങൾകൊണ്ടു ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(9) ആദിവാസികൾക്കിടയിൽ ആദിവാസി ഭാഷയിൽ സമ്പൂർണ്ണ സാക്ഷരത കൈവരിച്ചും പഠനം മുടങ്ങിയ വിദ്യാർത്ഥികളെ കണ്ടെത്തി എ ലെവൽ പരിശീലനം കൊടുത്തും വിദ്യാഭ്യാസ

നിലവാരം മെച്ചപ്പെടുത്തിയിട്ടുണ്ട്.

(10) ആദിവാസികൾക്കിടയിൽ നേതൃത്വ ശേഷി ഉയരുകയും ഉയർന്ന നിലയിലുള്ള സ്ത്രീ ശാക്തീകരണം ഉണ്ടാകുകയും ചെയ്തിട്ടുണ്ട്.

(11) പദ്ധതി പുനർഘടന വഴി അട്ടപ്പാടിയിലെ സമഗ്ര വികസനം ലക്ഷ്യമിടുകയും 52 ഊരുകളിൽ സമ്പൂർണ്ണ ഊരുവികസന പരിപാടി നടപ്പാക്കാനും വിവിധ ഊരുകളിലേക്ക് ഊര് പാത, റോഡ്, എന്നിവ നിർമ്മിച്ച് നൽകാനും കഴിഞ്ഞിട്ടുണ്ട്.

(12) അട്ടപ്പാടിയിലെ ചിരകാല സ്വപ്നമായിരുന്ന ചാവടിയൂർ പാലം യാഥാർത്ഥ്യമാക്കിയിട്ടുണ്ട്.

(13) കാർഷിക മേഖലയിൽ ആദിവാസി പാരമ്പര്യ കൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി കാർഷിക പാക്കേജുകൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും ഇതിനായി ജലസേചന സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്.

(14) സുസ്ഥിര ജീവനോപാധി വികസനത്തിന് ഉതകുന്ന വരുമാന ദായക പ്രവർത്തനങ്ങൾ വരുമാന ദായക സംഘങ്ങൾ വഴി നടപ്പിലാക്കി വരുന്നു.

(സി) കുടിവെള്ളപദ്ധതി നടപ്പാക്കുന്നതിനും സമ്പൂർണ്ണ പാർപ്പിട നിർമ്മാണ പദ്ധതി പൂർത്തിയാക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) <u>കുടിവെള്ള പദ്ധതി സംബന്ധിച്ച്</u>

അഗളി കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിനായി ജെ.ബി.ഐ.സി അനുമതി നൽകുകയും സർക്കാർ ജി.ഒ.(എം.എസ്) നം.319/2008/തസ്വഭവ തീയതി 2.12.2008 പ്രകാരം ഭരണാനുമതി നൽകുകയും പദ്ധതി നടത്തിപ്പിനായി ഉദ്യോഗസ്ഥരും ജന പ്രതിനിധികളും അടങ്ങിയ ഒരു സ്റ്റിയറിംഗ് കമ്മിറ്റിക്ക് രൂപം നൽകുകയും ചെയ്തു. സ്റ്റിയറിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ അഹാഡ്സ് എസ്.ഇ.യു.എഫ്മായി പൊതുകരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി 2010 ആഗസ്റ്റ് 15 ന് മുമ്പായി

കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

ഊരു വികസന പരിപാടി സംബന്ധിച്ച്

സമ്പൂർണ്ണ ഊരു വികസന പരിപാടിയുടെ സമയബന്ധിതമായ പൂർത്തീകരണത്തിനായി ചെയർമാന്റെ നിർദ്ദേശ പ്രകാരം എല്ലാ ബുധനാഴ്ചയും അവലോകന യോഗം നടത്തുകയും സമയ ബന്ധിത പൂർത്തീകരണത്തിനായി സങ്കേതിക വൈദഗ്ദ്ധ്യമുള്ള അഞ്ച് ഫെസിലിറ്റേറ്റിംഗ് ഏജൻസികളായ കോസ്റ്റ്ഫോർഡ് തൃശ്ശൂർ, കിറ്റ്ക്കോ എറണാകുളം സവാർഡ് കോഴിക്കോട്, ഇക്കോയ് പാലക്കാട് എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഒന്നാം ഘട്ട ഊരു വികസന പരിപാടിയിൽ (26 ഊരുകൾ) 997 വീടുകൾ ലക്ഷ്യമിട്ടതിൽ 867 എണ്ണം പൂർത്തീകരിക്കുകയും ബാക്കിയുള്ളവ പുരോഗതിയിലുമാണ്. രണ്ടാംഘട്ട ഊരുവികസന പരിപാടി(26 ഊരുകൾ) ധൃതഗതിയിൽ നടപ്പാക്കി വരുന്നു. 2010 ഡിസംബറിനകം മുഴുവൻ വീടുകളുടെയും നിർമ്മാണം പൂർത്തീകരിക്കുന്നതാണ്.

| | | | |
|---|---|---|---|
| (ഡി) | പരിസ്ഥിതി പുന:സ്ഥാപനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (ഡി) | മഴക്കുഴികൾ, ചെക്കുഡാമുകൾ, വനവൽക്കരണപ്രവർത്തനങ്ങൾ തരിശുഭൂമി വികസനം മണ്ണ് ജല സംരക്ഷണം, ജലവിഭവവികസനം എന്നീ പദ്ധതികളാണ് പരിസ്ഥിതി പുന:സ്ഥാപനത്തിനായി സ്വീകരിച്ചിട്ടുള്ളത്. |
| (ഇ) | പദ്ധതി പ്രവർത്തനത്തിന്റെ കാലാവധി നീട്ടിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ഇ) | ഉണ്ട്. പദ്ധതിയുടെ ശേഷിക്കുന്ന പ്രവർത്തനങ്ങൾക്കും ക്രമാനുഗതമായ പിൻവാങ്ങലിനുമായി പദ്ധതിയുടെ കാലാവധി സർക്കാർ 2010 ഡിസംബർ 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ-- പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.658 | 23-7-2010- ൽ മറുപടിയ്ക്ക്

**മത്സ്യസംസ്കരണവും ആഭ്യന്തര വിപണനവുമായി ബന്ധപ്പെട്ട ഉപതൊഴിലുകളും**

ചോദ്യം | മറുപടി

ശ്രീ. എ. എ. ഷുക്കൂർ:
ശ്രീ. എം. മുരളി:

ശ്രീ. എസ്. ശർമ്മ:
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി):

| | |
|---|---|
| (എ) ആഗോള മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യമേഖലയിൽ മത്സ്യ സംസ്ക്കരണത്തിനും ആഭ്യന്തര വിപണനവുമായി ബന്ധപ്പെട്ട് ഉപതൊഴിലുകൾ സൃഷ്ടിക്കുന്നതിനുള്ള പ്രത്യേക പദ്ധതിക്കുമായി 2009 – 2010 സാമ്പത്തിക വർഷത്തിൽ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; | (എ) ആഗോള മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യമേഖലയിൽ മത്സ്യ സംസ്കരണത്തിനും, ആഭ്യന്തര വിപണനവുമായി ബന്ധപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഉപതൊഴിലുകൾ സൃഷ്ടിക്കുന്നതിനും അതിലൂടെ വരുമാന വർദ്ധനവ് ഉണ്ടാക്കുന്നതിനും അനുയോജ്യമായ വിവിധ പദ്ധതികൾ മത്സ്യഫെഡ് മുഖേന നടപ്പാക്കി വരുന്നു. കൊച്ചിയിലും, കോഴിക്കോടുമായി 20 ആധുനിക മത്സ്യവില്പനശാല ആരംഭിക്കുന്നതിനും, അതിലേക്ക് മത്സ്യം ലഭ്യമാക്കുന്നതിന് ബെസ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുമായി 168 ലക്ഷം രൂപ മുതൽമുടക്കുള്ള പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിലേയ്ക്കായി 168 ലക്ഷം രൂപ മത്സ്യഫെഡിന് അനുവദിച്ച് നല്കിയിട്ടുണ്ട്. സംസ്ഥാനത്ത് ഒരു ഹാർബറിലും, രണ്ട് ലാൻറിംഗ് സെൻററുകളിലുമായി ഐസ് പ്ലാൻറ്, താല്ക്കാലികമായി സ്റ്റോറേജ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കിയും തെരഞ്ഞെടുക്കുന്ന മൂന്ന് മാർക്കറ്റുകളുടെ നവീകരണത്തിനുമായി 415 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിലേയ്ക്കായി വകയിരുത്തിയിട്ടുള്ള 400 ലക്ഷം രൂപ മത്സ്യഫെഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി 32 ലക്ഷം |

| | |
|---|---|
| | രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഈ പദ്ധതിയിൽ 115 ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് ഒരു യൂണിറ്റിന് പരമാവധി 25,000 /- രൂപ എന്ന നിരക്കിലാണ് സാമ്പത്തിക സഹായം നല്കുന്നത്. ഈ പദ്ധതിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചു. |
| (ബി) ഇതിനായി ഈ കാലയളവിൽ എന്തു തുകയാണ് ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്നത്; | (ബി) 850 ലക്ഷം രൂപയാണ് ഇതിനായി 2009-10 ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. |
| (സി) എത്ര കോടി രൂപയുടെ എന്തൊക്കെ പ്രവർത്തനങ്ങൾ ഈ കാലയളവിൽ നടത്താനായി എന്ന് വ്യക്തമാക്കുമോ; | (സി) കൊച്ചിയിലും, കോഴിക്കോടുമായി 20 ആധുനിക മത്സ്യവില്പനശാല ആരംഭിക്കുന്നതിനും, അതിലേക്ക് മത്സ്യം ലഭ്യമാക്കുന്നതിന് ബേസ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുമായി 168 ലക്ഷം രൂപ മുതൽമുടക്കുള്ള പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിലേയ്ക്കായി 168 ലക്ഷം രൂപ മത്സ്യഫെഡിന് അനുവദിച്ച് നല്കിയിട്ടുണ്ട്. സംസ്ഥാനത്ത് ഒരു ഹാർബറിലും, രണ്ട് ലാൻറിംഗ് സെൻററുകളിലുമായി ഐസ് പ്ലാൻറ്, താല്ക്കാലികമായി സ്റ്റോറേജ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കിയും തെരഞ്ഞെടുക്കുന്ന മൂന്ന് മാർക്കറ്റുകളുടെ നവീകരണത്തിനുമായി 415 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിലേയ്ക്കായി വകയിരുത്തിയിട്ടുള്ള 400 ലക്ഷം രൂപ മത്സ്യഫെഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്. മത്സ്യഫെഡ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചു വരുന്നു. ഫിഷിംഗ് ഹാർബർ, ലാൻറിംഗ് സെൻററുകൾ, എന്നിവയിൽ ഐസ് പ്ലാൻറ്, കോൾഡ് സ്റ്റോറേജ് സംവിധാനങ്ങൾ ഒരുക്കി തെരഞ്ഞെടുക്കപ്പെട്ട മൂന്ന് മാർക്കറ്റുകൾ നവീകരിക്കുന്ന പദ്ധതിയനുസരിച്ച് മത്സ്യഫെഡിന് അനുവദിച്ചു നൽകിയ 400 ലക്ഷത്തിൽ 280 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |

| | |
|---|---|
| | **1) മൂല്യവർദ്ധിത മത്സ്യ ഉല്പന്നങ്ങളുടെ നിർമ്മാണ വിപണന യൂണിറ്റ്**<br>ഈ പദ്ധതിയിൽ സംസ്ഥാനത്തെ 9 ജില്ലകളിൽ നിന്നായി ഓരോ യൂണിറ്റിലും 5 അംഗങ്ങൾ വീതം ഉള്ള 100 യൂണിറ്റുകൾക്കാണ് ധനസഹായം നൽകുന്നത്. ഈ പദ്ധതിയ്ക്കായി 250 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്.<br><br>**2) ഉല്പ്പന്നങ്ങളുടെ വിപണനത്തിനുള്ള സഹായം**<br><br>മൂല്യ വർദ്ധിത മത്സ്യ ഉല്പ്പന്നങ്ങളുടെ നിർമ്മാണ വിപണന യൂണിറ്റുകൾ സംബന്ധിച്ച് തെരഞ്ഞെടുത്ത ഗ്രൂപ്പുകൾക്ക് കോൺസെൻററൈസേഷൻ, അച്ചീവ്മെൻറ് മോട്ടിവേഷൻ ആൻറ് മാനേജ്മെൻറ് ട്രെയിനിംഗ് എന്നീ പരിശീലന പരിപാടികൾ നടത്തി. ആദ്യ ഗഡു ധനസഹായം നൽകി വരുന്നു. ഉല്പന്നങ്ങളുടെ വിപണനത്തിനുള്ള സഹായമായി ഇതുവരെ ഇതിൽ 58 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) തണ്ണീർമുക്കം സമ്പൂർണ്ണ മത്സ്യ ഗ്രാമ പദ്ധതിയുടെ ഭാഗമായി ആധുനിക മത്സ്യ സംസ്കരണ ക്ലസ്റ്റർ സ്ഥാപിക്കുന്നതിന് ഈ കാലയളവിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയത്? | (ഡി) തണ്ണീർമുക്കം പഞ്ചായത്തിലെ പൊതുജലാശയങ്ങളിൽ ശാസ്ത്രീയ–പരിസ്ഥിതി സൗഹൃദ രീതിയിൽ മത്സ്യകൃഷി നടത്തുന്നതിനായി 9 കർഷക കൂട്ടായ്മകളുടെ ഒരു ക്ലസ്റ്റർ ഉണ്ടാക്കി വിജയകരമായി മത്സ്യകൃഷി നടത്തിവരുന്നു. പഞ്ചായത്തിലെ പൊതുജലാശയങ്ങളുടെ ആകെ വിസ്തീർണ്ണം ഏകദേശം 10 ഏക്കർ ആണ്. കൂടാതെ 50 ഏക്കറോളം വരുന്ന വീട്ടു കുളങ്ങളിലും മത്സ്യകൃഷി നടന്നുവരുന്നു. |

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.659 — 28-7-2010-ന് മറുപടിക്ക്

നഗരശ്രീ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബാബു പോൾ<br>ശ്രീ.മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>ശ്രീ.കെ.അജിത് | ശ്രീ.പാലോളി മുഹമ്മദ്കുട്ടി.<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് നഗരശ്രീ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാം;<br><br>ബി) ഈ പദ്ധതിയുടെ പ്രയോജനം ഇതിനകം എത്ര പേർക്ക് ലഭിച്ചിട്ടുണ്ട്; ഈ പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വെളിപ്പെടുത്തുമോ? | എ) നഗരശ്രീ എന്ന പേരിൽ ഇപ്പോൾ യും പദ്ധതികൾ ഒന്നും തന്നെ നടപ്പാക്കുന്നില്ല.<br><br>ബി) യും നഗരപ്രദേശങ്ങളിലെ തെരുവ് കച്ചവടക്കാരുടെ പുനരധിവാസം ലക്ഷ്യമിട്ടുകൊണ്ട് 'നഗരശ്രീ' എന്ന പേരിൽ പ്രത്യേക പദ്ധതി ആരംഭിക്കുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ കുടുംബശ്രീയിലെ ഒരു പ്രോഗ്രാം ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ കേന്ദ്ര ഗവൺമെന്റ് തെരുവ് കച്ചവടക്കാരുടെ പുനരധിവാസത്തിന് ദേശീയനയം പ്രഖ്യാപിക്കുകയും നഗരസഭകൾക്ക് പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കുന്നതിന് കൺസൾട്ടന്റുകളുടെ സേവനം ലഭ്യമാക്കുന്നതിന് തീരുമാനിക്കുകയും ചെയ്ത സാഹചര്യത്തിൽ 'നഗരശ്രീ' പദ്ധതിക്കു വേണ്ടിയുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായില്ല. എന്നാൽ കൊച്ചി നഗരസഭ അതിർത്തിക്കുള്ളിലെ തെരുവോര ഭക്ഷണക്കച്ചവടക്കാരെ പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശത്തോടെ, കേന്ദ്ര ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിന്റെ കീഴിൽ നടത്തുന്ന സേഫ് ഫുഡ് ടൗൺ പ്രോജക്ടിൻ കീഴിൽ നഗരസഭ സമർപ്പിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് അനുമതിക്കായി കേന്ദ്ര ഗവൺമെന്റിന് അയച്ചുകൊടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 660</u> 28-07-2010-ന് വാങ്മൂലം മറുപടിയ്ക്ക്

### <u>പോലീസിന്റെ വിവിധ വിഭാഗങ്ങളിൽനിന്നും രഹസ്യ സ്വഭാവമുള്ള വിവരങ്ങൾ ചോരുന്നതു തടയാൻ നടപടി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. യു. സി. രാമൻ :<br>ശ്രീ. പി. കെ.. അബ്ദുറബ്ബ് :<br>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :<br>ശ്രീ. എം. ഉമ്മർ : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) പോലീസിന്റെ വിവിധ വിഭാഗങ്ങളിൽ നിന്നും രഹസ്യ സ്വഭാവമുള്ള വിവരങ്ങൾ ചോരുന്നതായ റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) എങ്കിൽ അതുമൂലം ഗൗരവതരമായ കേസ്സുകളിലെ അന്വേഷണ പ്രക്രിയയിൽ വീഴ്ചയുണ്ടായിട്ടുണ്ടോ ; | (ബി) വീഴ്ചയുണ്ടായിട്ടില്ല |
| (സി) താഴെതലം വരെയുള്ള ഉദ്യോഗസ്ഥർ യൂണിഫോമിലും അല്ലാതെയും കേസിന്റെ അന്വേഷണ വിവരങ്ങൾ പരസ്യമാക്കുന്ന പ്രവണത വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത പ്രവണത അന്വേഷണ പ്രക്രിയയെ ഹാനികരമായി ബാധിക്കുന്ന കാര്യം അറിവുണ്ടോ ; ഇതിന് സർക്കാർ അനുമതിയുണ്ടോ ;<br><br>(ഡി) നിലവിലെ പെരുമാറ്റച്ചട്ടം ഈ പ്രവണത അനുവദിക്കുന്നുണ്ടോ ;<br><br>(ഇ) ഇത്തരം കാര്യങ്ങളിൽ നിലവിലെ നിയമപ്രകാരം എന്തെല്ലാം പരിഹാരം നിഷ്കർഷിച്ചിട്ടുണ്ടെന്നും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്നും വെളിപ്പെടുത്തുമോ ? | (സി), (ഡി), & (ഇ) കേസുകളുടെ അന്വേഷണത്തിലെ സുതാര്യത നിലനിർത്തേണ്ട അവസരങ്ങളിലും പൊതുജനങ്ങളെ വിവരം അറിയിക്കേണ്ടതായ അവസരങ്ങളിലും നിയന്ത്രണങ്ങൾക്ക് വിധേയമായി മാധ്യമങ്ങൾക്ക് വിവരം നൽകാൻ അനുമതി നൽകിയിട്ടുണ്ട്. ഇക്കാര്യങ്ങൾ വിശദമാക്കി 31-12-2008-ലും 14-3-2010-ലും പോലീസ് ഡയറക്ടർ ജനറൽ സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ